മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 | മാർച്ച് 2015 | ലക്കം 3



## പാറസ്ഥലത്തു വീണ വിത്തു നൽകുന്ന പാഠം

വാച്ച്മാൻ നീ

## വിധിക്കരുത്

സാക് പുന്നൻ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 മാർച്ച് 2015 ലക്കം 3

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും
കൂടിവരവുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# ഒരു 'കൊച്ചു ക്രിസ്തു'



ക്രിസ്തീയത നൽകുന്ന ഏറ്റവും വലിയ വാഗ്ദാനം ഇതാണ്:- 'വരിക ക്രിസ്തുവിന്റെ ജീവനിൽ പങ്കാളിയാകുക.'

നാം അങ്ങനെ ചെയ്താൽ, നിർമിക്കപ്പെട്ടതല്ലാതെ ആദി മുതൽ ഉണ്ടായിരുന്നതും എന്നും നിലനില്ക്കുന്നതുമായ ദിവ്യജീവന്റെ ഭാഗമായി നാം മാറുകയാണ്. ക്രിസ്തു ദൈവപുത്രനാണ്. ഈ ജീവനിൽ നാം പങ്കാളികളായാൽ നാമും ദൈവപുത്രന്മാരാകും. അവിടുന്ന് പിതാവിനെ സ്നേഹിക്കുന്നതുപോലെ നാമും പിതാവിനെ സ്നേഹിക്കും. പരിശുദ്ധാത്മാവു നമ്മിലും നിറയും. ഈ മട്ടിൽ ഓരോ ക്രിസ്ത്യാനിയും ഓരോ 'കൊച്ചു ക്രിസ്തു'വായി മാറും; മാറണം. ക്രിസ്ത്യാനിയാകുക എന്നതിന്റെ മുഴുവൻ ലക്ഷ്യവും വാസ്തവത്തിൽ ഇതാണ്.

**– *സി.എസ്. ലൂയിസ്***

## സമാധാനത്തിന്റെ പാറ




നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു. യോഹ. 16:33

**എഡിറ്റോറിയൽ**

# വിതെക്കുന്നവൻ്റെ ഉപമ നൽകുന്ന പാഠം



"വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വിഴിയരികെ വീണു. പറവകൾ വന്ന് അതു തിന്നു കളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വിണു. മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചു വന്നു. സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി വേര് ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിന്നിടയിൽ വീണു. മുള്ളു മുളെച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു. നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ." (മത്തായി 13:3-9).

നാം *'ചെവിയുള്ളവരാണെങ്കിൽ'* കേൾപ്പാൻ ഇതിൽ ഒട്ടേറെയുണ്ട്.

ഈ നാലുതരം സ്ഥലങ്ങൾ - വഴിയരിക്, പാറസ്ഥലം, മുള്ളിന്നിടയിൽ, നല്ല നിലം - സുവിശേഷത്തോടുള്ള നാലുതരം പ്രതികരണങ്ങളെയാണു പ്രതിനിധാനം ചെയ്യുന്നതെങ്കിൽ ഇവരിൽ എത്ര കൂട്ടർ സഭയിൽ ഉണ്ടാകും എന്നാലോചിക്കുക കൗതകകരമാണ്.

തീർച്ചയായും, വഴിയരികിനെ പ്രതിനിധാനം ചെയ്യുന്നവർ സഭയിലുണ്ടാകുകയില്ല. കാരണം സുവിശേഷത്തിന്റെ വിത്ത് വീണ മാത്രയിൽ പറവ അതു കൊത്തിക്കൊണ്ടു പോയല്ലോ. അവർ രക്ഷിക്കപ്പെട്ടില്ലെന്നു കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കോസ് 8:12 - 'അവർ വിശ്വസിച്ചു *രക്ഷിക്കപ്പെടാതിരിപ്പാൻ* പിശാച് വന്ന് അവരുടെ ഹൃദയത്തിൽ നിന്നു വചനം എടുത്തു കളയുന്നു'). അപ്പോൾ പിന്നെ അവരെ സഭയിൽ തിരയേണ്ടതില്ലല്ലോ.

രണ്ടാമത്തെ കൂട്ടർ, പാറസ്ഥലത്തെ പ്രതിനിധാനം ചെയ്യുന്നവരോ? അവർ സുവിശേഷത്തോടു വൈകാരികമായി പ്രതികരിക്കുന്നവരാണ്. ക്ഷണത്തിൽ മുളെച്ചുവരും. പക്ഷേ മണ്ണിനു താഴ്ചയില്ല. വേരില്ല. വേഗ ▶

> **'ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ <u>നിങ്ങളുടെ പിതാവ്</u> അവയെ പുലർത്തുന്നു.' ഉവ്വ്, ആകാശത്തിലെ പറവകളെ പുലർത്തുന്നത് <u>അവയുടെ പിതാവല്ല,</u> മറിച്ച് <u>നിങ്ങളുടെ പിതാവാണ്.</u> നോക്കുക: സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടേതാണ്. നമ്മുടെ പിതാവ് പുലർത്തുന്ന കുരുവികൾക്ക് ആകുല ചിന്തയില്ല. നമുക്കോ?**

ത്തിൽ മുളെച്ചുവന്നതുപോലെ വേഗത്തിൽ ഉണങ്ങിപ്പോകും. സൂര്യൻ ഉദിച്ചാറെ – പരീക്ഷാസമയത്ത് – അവർ *പിൻവാങ്ങി* ലോകത്തിലേക്കു തന്നെ മടങ്ങി (ലൂക്കൊസ് 8:13). അവരെ ആ സ്ഥാനത്തു തിരഞ്ഞാൽ പിന്നെ കാണുകയില്ല. ആദ്യത്തെ കൂട്ടർ രക്ഷിക്കപ്പെടാത്തവരാണെങ്കിൽ ഇവർ പിന്മാറ്റക്കാരാണ്. ഇവരും സഭയിൽ കാണുകയില്ല.

ഈ നിലയിൽ ചിന്തിക്കുമ്പോൾ മൂന്നാമത്തെ കൂട്ടരും – മുള്ളിനിടയിൽ വീണു വിത്തിനെ പ്രതിനിധാനം ചെയ്യുന്നവർ – സഭയിൽ കാണുകയില്ല എന്നു നാം വിചാരിക്കും. കാരണം 'മുള്ളു മുളെച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു' എന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ സൂക്ഷ്മമായി നോക്കിയാൽ ആ ചെടി നശിച്ചു പോയില്ല, മുള്ളുകൾ അതിനെ ഞെരുക്കിക്കളഞ്ഞെങ്കിലും അത് ഇല്ലാതായില്ല. അത് ആ സ്ഥാനത്തുണ്ടെന്നു കാണാം. പിന്നെ അവരുടെ പ്രശ്നം അവർ ഫലം കൊടുക്കുന്നില്ല –*നിഷ്ഫലർ*– എന്നു മാത്രമാണെന്നു മത്തായിയുടെ സുവിശേഷത്തിൽ വിശദീകരിക്കുന്നു (13:22). ലൂക്കൊസ് അവരെക്കുറിച്ചു പറയുമ്പോൾ അവർ *പൂർണമായി ഫലം* കൊടുക്കാത്തവരാണ് എന്നു കുറച്ചുകൂടെ വിശദമാക്കുന്നു (8:14). അപ്പോൾ നോക്കുക: '*നിഷ്ഫലർ* (unfruitful), *പൂർണമായി ഫലം കൊടുക്കുന്നില്ല*' (no fruit to matuarity) എന്നിവയാണ് അവർക്കെതിരെയുള്ളു കുറ്റം. നിഷ്ഫലരായാണെങ്കിലും, പൂർണമായി ഫലം കൊടുക്കാതെയാണെങ്കിലും അവർ അവിടെയുണ്ട്. അവർ ഇല്ലായ്മയായി പോയിട്ടില്ല. സഭയിൽ അവരിപ്പോഴും ഉണ്ട്!

നാലാമത്തെ കൂട്ടർ. ഉവ്വ്, നല്ല നിലം. തീർച്ചയായും അവർ മുപ്പതും അറുപതും നുറുംമേനിയായി ഫലം നൽകി, സജീവമായി സഭയിലുണ്ട്.

ചുരുക്കത്തിൽ വിതെയ്ക്കുന്നവന്റെ ഉപമ സംബന്ധിച്ചു വിശ്വാസികൾക്കു പ്രസക്തമായ ഒരു പാഠം ഇതാണ്– നാം രക്ഷിക്കപ്പെട്ടവരും പിന്മാറിപ്പോകാതെ സഭയിൽ ഇപ്പോഴും നില്ക്കുന്നവരുമാകാം. പക്ഷേ അതിന്റെ അർത്ഥം നാം എല്ലാവരും 'നല്ല നില'മാണെന്നല്ല. നാം ഒരു പക്ഷേ മുള്ളിനടിയിൽ ഞെരുങ്ങി പൂർണമായി ഫലം കൊടുക്കാതെ നില്ക്കുന്നവരാകാം. എന്നാൽ കർത്താവു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് ഇങ്ങനെ ഒരു ഞെരുങ്ങിയ നില്പല്ല. മുള്ളുകൾ പറിച്ചു കളഞ്ഞു നല്ല നിലമായി മുപ്പതും അറുപതും നൂറും മേനിയായി ഫലം കൊടുക്കുന്നവരായി നാം മാറുമ്പോഴാണ് അതു യജമാനന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നത്.

യജമാനനെ തൃപ്തിപ്പെടുത്തുന്ന നിലയിൽ പൂർണമായി ഫലം കൊടുക്കാൻ അനുവദിക്കാതെ ഒരുവനെ ഞെരുക്കുന്ന മുള്ളുകൾ എന്തെല്ലാമാണെന്നു കർത്താവ് ഈ ഉപമയുടെ വ്യാഖ്യാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. മുള്ളുകളെ *ഈ ലോകത്തിന്റെ ചിന്ത* (worries of the world), *ധനത്തിന്റെ വഞ്ചന* (deceitfulness of riches) എന്നിങ്ങനെയാണ് മത്തായി സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നത് (13:22);

▶ *ശേഷം പേജ് 41*

സന്ദേശം

# പാറസ്ഥലത്തു വീണ വിത്തു നൽകുന്ന പാഠം

വാച്ച്മാൻ നീ

"**മറ്റു** ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്തിടത്തു വീണു. മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു; സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി" (മർക്കൊ. 4:5).

'ക്ഷണത്തിൽ അതു മുളച്ചു വന്നു' - എത്ര വേഗത്തിലുള്ള വളർച്ച! ഹൃദയത്തിന്റെ മണ്ണിൽ ദൈവവചനം വീഴുകയാൽ തന്നെ ചിലതു സംഭവിച്ചിരിക്കുന്നു. ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം വചനം ഒരു തത്വമായിരിക്കുന്നില്ല - വചനം അവനിൽ ഒരു ക്രിയ ചെയ്തിരിക്കുന്നു. എന്നാൽ ക്ഷണത്തിലുള്ള ആ വളർച്ച നിലനില്ക്കണമെന്നുറപ്പില്ല എന്നാണ് കർത്താവു നൽകുന്ന മുന്നറിയിപ്പ്. ഇവിടെ നാം ദർശിക്കുന്ന ചിത്രം അപ്രകാരമൊരു മനുഷ്യന്റേതാണ്- അതിമനോഹരമായ



*ഉണങ്ങി വരണ്ട മരുഭൂമിയുടെ നടുവിലെങ്കിലും കത്തിജ്വലിക്കുന്ന സൂര്യന് അഭിമുഖമെങ്കിലും, അതിന്റെ വേരുകളെ ഉറവുകളുടെ അന്വേഷണത്തിൽ അഗാധതയിലേക്കയക്കുക നിമിത്തം ഫലഭൂയിഷ്ഠമായി പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങളുണ്ട്.*

**ദൈവവചനം നാം സ്വീകരിക്കുന്നതിനെ തുടർന്ന്, ദൈവം ചില പ്രത്യേക സാഹചര്യങ്ങളിലേക്കു നമ്മെ നടത്തുന്നു. ആ സാഹചര്യങ്ങൾ നാം സ്വീകരിച്ച വചനത്തിന്റെ അഭാവം നമ്മുടെ ജീവിതത്തിൽ കാണിക്കുകയും അതിനായുള്ള ആവശ്യബോധത്തിലേക്കു നമ്മെ നടത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് സഹിഷ്ണുതയെക്കുറിച്ചുള്ള വചനം നാം കേട്ട ശേഷം, സഹിഷ്ണുത പ്രാപിക്കാതെ മുമ്പോട്ടു പോകുക ഇനി സാദ്ധ്യമേയല്ല എന്നുറയ്ക്കുമാറുള്ള സാഹചര്യം ദൈവം നമ്മുടെ ജീവിതത്തിൽ അയയ്ക്കുന്നു.**

ഒരു തുടക്കവും, അത്യന്തം ദുഃഖകരമായ ഒരു അന്ത്യവും! ആ പുതിയ മുളയിൽ എത്ര വാഗ്ദാനങ്ങൾ ഉൾക്കൊണ്ടിരുന്നു! എത്ര വേഗം അതിന്റെ സാദ്ധ്യത മങ്ങിപ്പോയി! ക്രിസ്തീയ യുവാക്കൾ അത്യുത്സാഹത്തോടെ ക്രൂശിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ചിട്ട്, ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ, അല്ല ചുരുക്കം മാസങ്ങൾക്കുള്ളിൽ തന്നെ തങ്ങളുടെ പ്രത്യാശയും സന്തോഷവും നഷ്ടപ്പെട്ടു ജീവന്റ ലക്ഷണം പോലും കണ്ടെത്തുക സാദ്ധ്യമല്ലാത്തവിധം ആയിത്തീരുന്ന കാഴ്ച എത്ര സാധാരണമാണ്!!

ഈ ഉപമയിലൂടെ ഒരു മുന്നറിയിപ്പു നൽകുക മാത്രമല്ല, ഈ ദുസ്ഥിതിയുടെ കാരണം കൂടി കർത്താവ് വ്യക്തമാക്കുന്നു. 'പാറസ്ഥലത്തു വിതച്ചതു വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ, എങ്കിലും അവർക്കുള്ളിൽ വേരില്ലാതെ ക്ഷണത്തിൽ ഇടറിപ്പോകുന്നു.' നാം കേട്ട ശേഷം ഉടനെ മറ്റുള്ളവരെ കേൾപ്പിക്കുക എന്ന ലക്ഷ്യത്തിലല്ല ദൈവവചനം നമുക്കു നൽകപ്പെടുന്നത്. അങ്ങനെ ചെയ്യുക നിമിത്തം മറ്റുള്ളവർക്കു നമ്മെക്കുറിച്ചു മതിപ്പു വർദ്ധിക്കുമായിരിക്കാം. എന്നാൽ ദൈവവചനം നാം സ്വീകരിക്കുന്നതിനെ തുടർന്ന്, ദൈവം ചില പ്രത്യേക സാഹചര്യങ്ങളിലേക്കു നമ്മെ നടത്തുന്നു. ആ സാഹചര്യങ്ങൾ നാം സ്വീകരിച്ച വചനത്തിന്റെ അഭാവം നമ്മുടെ ജീവിതത്തിൽ കാണിക്കുകയും അതിനായുള്ള ആവശ്യബോധത്തിലേക്കു നമ്മെ നടത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് സഹിഷ്ണുതയെക്കുറിച്ചുള്ള വചനം നാം കേട്ട ശേഷം, സഹിഷ്ണുത പ്രാപിക്കാതെ മുമ്പോട്ടു പോകുക ഇനി സാദ്ധ്യമേയല്ല എന്നുറയ്ക്കുമാറുള്ള സാഹചര്യം ദൈവം നമ്മുടെ ജീവിതത്തിൽ അയയ്ക്കുന്നു. അതുപോലെ സഹോദരപ്രീതിയെക്കുറിച്ചുള്ള വചനം നാം സ്വീകരിച്ച ശേഷം സഹോദരപ്രീതി കൂടാതെ മുമ്പോട്ടു പോകുക അസാദ്ധ്യം എന്നുള്ള നിലയിലേക്കു ദൈവം നമ്മെ കൊണ്ടുവരും. തിരുവചനത്തിനു നാം ചെവി കൊടുക്കുകയും അധരങ്ങളാൽ അതേറ്റു പറയുകയും ചെയ്തു എന്നതിനാൽ നാം കേട്ട കാര്യങ്ങളുടെ നന്മയിലേക്കു പ്രവേശിച്ചിട്ടില്ല. ആ വചനം നമ്മുടെ സ്വന്തമാകുമാറു നാം അതിനുള്ള വില നൽകാത്തിടത്തോളം, അതിന്റെ ശക്തി നമ്മുടെ അനുഭവ

മായി തീരാത്തിടത്തോളം ആ വചനം വിളംബരം ചെയ്യുവാൻ നാം യോഗ്യരുമല്ല.

പൂർണ്ണമായ ഒരു സമർപ്പണത്തിനു വേണ്ടിയുള്ള ആഹ്വാനം കേട്ടിട്ട് നിങ്ങൾ ആഴമായി സ്പർശിക്കപ്പെട്ടിട്ടില്ലേ? 'ആഴമായ അർപ്പണമെന്തെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു, ഇനി മേലാൽ ഞാൻ മുഴുവൻ കർത്താവിന്റെ വകയാണ്.' നാം എത്ര വേഗം ഉത്സാഹഭരിതരാകുന്നു! ഉണർത്തപ്പെടുന്നു! സന്തോഷത്തോടെ നാം സ്വീകരിക്കുന്ന വചനങ്ങളാൽ തന്നെ, നാം ശോധന ചെയ്യപ്പെടേണ്ടതാകുന്നു. നാം വചനങ്ങളെ കേവലം നമ്മുടെ ബുദ്ധിയിലാണോ അതോ നമ്മുടെ ഹൃദയത്തിലാണോ കൈക്കൊണ്ടിരിക്കുന്നതെന്ന് പരീക്ഷ തെളിയിക്കും. ഉപരിപ്ലവും വൈകാരികവുമായ ഒരു നിലയിൽ ആണ് നാം വചനത്തെ കൈക്കൊണ്ടിരിക്കുന്നതെങ്കിൽ, കേൾവിക്കു പിന്നാലെ വരുന്ന ശോധനയിൽ നിൽക്കുവാൻ നമുക്കു കഴിയാതെ വരും. എന്നാൽ നമ്മുടെ ഹൃദയത്തിൽ ആ വചനത്തിനു സ്ഥാനം ലഭിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ ജീവിതത്തിൽ അതു കൂടുതൽ ഉറപ്പിക്കപ്പെടുവാനായി ശോധനകൾ സഹായിക്കും.

നിങ്ങൾ സമാഹരിച്ചിട്ടുള്ള ദൈവവചനത്തിന്റെ അറിവ് എത്രയായിരുന്നാലും അതു മറ്റുള്ളവരോടും വിശദീകരിപ്പാൻ നിങ്ങൾക്കു പ്രാപ്തി ഉണ്ടെങ്കിലും, ആ വചനത്തോടനുബന്ധിച്ചു ക്രൂശിന്റെ പ്രവൃത്തിക്കു നിങ്ങളുടെ ഉള്ളിൽ ഇടം നൽകിട്ടില്ലെങ്കിൽ, ആ വചനം ഒരിക്കലും നിങ്ങളുടേതായി തീർന്നിട്ടില്ലെന്നു കരുതിക്കൊള്ളുക. ദൈവത്തിന്റെ പ്രകാശരശ്മികൾ നിങ്ങളുടെ യഥാർത്ഥ

> നാം വചനങ്ങളെ കേവലം നമ്മുടെ ബുദ്ധിയിലാണോ അതോ നമ്മുടെ ഹൃദയത്തിലാണോ കൈക്കൊണ്ടിരിക്കുന്നതെന്ന് പരീക്ഷ തെളിയിക്കും. ഉപരിപ്ലവും വൈകാരികവുമായ ഒരു നിലയിൽ ആണ് നാം വചനത്തെ കൈക്കൊണ്ടിരിക്കുന്നതെങ്കിൽ, കേൾവിക്കു പിന്നാലെ വരുന്ന ശോധനയിൽ നിൽക്കുവാൻ നമുക്കു കഴിയാതെ വരും. എന്നാൽ നമ്മുടെ ഹൃദയത്തിൽ ആ വചനത്തിനു സ്ഥാനം ലഭിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ ജീവിതത്തിൽ അതു കൂടുതൽ ഉറപ്പിക്കപ്പെടുവാനായി ശോധനകൾ സഹായിക്കും.

അനുഭവത്തിന്റെ ആഴം എത്ര മാത്രമെന്നു വെളിപ്പെടുത്തും. ആഴത്തിൽ, ആത്മാവിൽ വേരുറപ്പിക്കപ്പെട്ട ഒന്നിനെയും തളർത്തിക്കളയുവാൻ സൂര്യനു കഴിയുകയില്ല – എന്നാൽ വേരില്ലാത്ത എല്ലാറ്റിനെയും അതു തളർത്തിക്കളയും. കർത്താവിനായുള്ള നമ്മുടെ പൂർണ്ണ സമർപ്പണത്തിന്റെ വാക്കുകളുടെയും, നമ്മുടെ ഭക്ത്യാദരവോടുള്ള പ്രാർത്ഥനയുടെയും, നമ്മുടെ സാക്ഷ്യ വചനങ്ങളുടെയും യഥാർത്ഥ നില അതു വെളിപ്പെടുത്തും.

എന്തുകൊണ്ടാണ് നിലത്തു വീണ ആ വിത്തു വേഗത്തിൽ ഫലം പുറപ്പെടുവിച്ചത്? എന്തുകൊണ്ടാണ് വേഗത്തിൽ ഉണങ്ങിപ്പോകുകയും ചെയ്തത്? മണ്ണിനു താഴ്ചയില്ലായി

ചിലർ വേഗത്തിൽ തൃപ്തിപ്പെടുന്നവരും, അതേ വേഗത്തിൽ അതൃപ്തരായിത്തീരുന്നവരുമാണ്. അവർ കേവലം വികാര തലത്തിൽ ജീവിക്കുന്നവരാണ്. വ്യത്യസ്തമായ ഒരു സാഹചര്യം അവരുടെ വികാര നിലയേയും വ്യത്യസ്തപ്പെടുത്തുന്നു. ദൈവവചനം അവർക്കു നൽകപ്പെടുമ്പോൾ ഉപരിപ്ലവമായി അതിവേഗം അവർ പ്രതികരിക്കുന്നു. എന്നാൽ നിലനിൽക്കുന്ന ഒരു ആത്മിക പ്രതികരണം അവരിൽ സംഭവിക്കുന്നില്ല. ദൈവവചനത്തിന്റെ പ്രചോദനത്തിന്റെ പിന്നാലെ കടന്നു വരുന്ന മറ്റൊരു സ്വാധീന വലയത്തിൽ, പുതിയ പ്രചോദനം പഴയതിനെ നീക്കിക്കളയുകയും ചെയ്യുന്നു. നമ്മുടെ ചുറ്റും വരുന്ന സ്വാധീനങ്ങൾക്കു നാം നിരന്തരം വശംവദരെങ്കിൽ, നമുക്കു കർത്താവിന്റെ പരിജ്ഞാനത്തിലേക്കു വളരുക സാദ്ധ്യമല്ല;

രുന്നുവെന്നതാണ് ഒന്നാമത്തെ കാരണം. ചിലർ വേഗത്തിൽ തൃപ്തിപ്പെടുന്നവരും, അതേ വേഗത്തിൽ അതൃപ്തരായിത്തീരുന്നവരുമാണ്. അവർ കേവലം വികാര തലത്തിൽ ജീവിക്കുന്നവരാണ്. വ്യത്യസ്തമായ ഒരു സാഹചര്യം അവരുടെ വികാര നിലയേയും വ്യത്യസ്തപ്പെടുത്തുന്നു. ദൈവവചനം അവർക്കു നൽകപ്പെടുമ്പോൾ ഉപരിപ്ലവമായി അതിവേഗം അവർ പ്രതികരിക്കുന്നു. എന്നാൽ നിലനിൽക്കുന്ന ഒരു ആത്മിക പ്രതികരണം അവരിൽ സംഭവിക്കുന്നില്ല. ദൈവവചനത്തിന്റെ പ്രചോദനത്തിന്റെ പിന്നാലെ കടന്നു വരുന്ന മറ്റൊരു സ്വാധീന വലയത്തിൽ, പുതിയ പ്രചോദനം പഴയതിനെ നീക്കിക്കളയുകയും ചെയ്യുന്നു. നമ്മുടെ ചുറ്റും വരുന്ന സ്വാധീനങ്ങൾക്കു നാം നിരന്തരം വശംവദരെങ്കിൽ, നമുക്കു കർത്താവിന്റെ പരിജ്ഞാനത്തിലേക്കു വളരുക സാദ്ധ്യമല്ല; നാം തീർത്തും അവനാൽ ഭരിക്കപ്പെട്ടിട്ടില്ല എന്നതിനാൽ തന്നെ.

ഫലമില്ലായ്മയുടെ രണ്ടാമത്തെ കാരണം, വേരില്ലായ്കയാണ്. എന്താണു വേര്? കാഴ്ചയ്ക്കു മറഞ്ഞിരിക്കുന്ന ചെടിയുടെ ഭാഗം. കർത്താവിനോടു കൂടിയുള്ള ഒരു ക്രിസ്ത്യാനിയുടെ രഹസ്യജീവിതമാണത്. കർത്താവിനുള്ള ഒരു രഹസ്യ ചരിത്രമില്ലാത്തവൻ മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നവനാണ്. ഞാനൊരു ചോദ്യം നേരിൽ ചോദിക്കട്ടെ. നിങ്ങളുടെ ജീവിതം ഏതളവിൽ രഹസ്യമായിരിക്കുന്നു? മനുഷ്യ ദൃഷ്ടിക്ക് ഏതളവു വരെ നിങ്ങൾ മറയപ്പെട്ടിരിക്കുന്നു? കൂടിവരവുകളിലെ നിങ്ങളുടെ പ്രാർത്ഥനകൾക്കപ്പുറത്തു നിങ്ങൾക്കൊരു പ്രാർത്ഥനാ ജീവിതമുണ്ടോ? നിങ്ങൾ പ്രസംഗിക്കുന്ന പരിധിക്കപ്പുറം ദൈവവചനത്തിന്റെ പരിജ്ഞാനം നിങ്ങൾക്കുണ്ടോ? നിങ്ങളുടെ ആത്മീയ അനുഭവങ്ങളെല്ലാം മറ്റുള്ളവരോടും പങ്കിട്ടു കഴിഞ്ഞിരിക്കുന്നവയാണോ? അങ്ങനെയെങ്കിൽ നിങ്ങൾക്കു വേരില്ല. നിൽക്കുന്ന സ്ഥലത്തു നിന്നും വളരെക്കുറച്ചു മാത്രം പോഷണം സ്വീക

രിക്കുന്ന ഒരു വൃക്ഷത്തിന്റെ വേരുകൾ, ബഹുദൂരത്തുള്ള ജലാശയങ്ങളോളം സഞ്ചരിക്കുന്നവയാണ്. തൽഫലമായി എല്ലാ കാലാവസ്ഥയെയും അതിനതിജീവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉണങ്ങി വരണ്ട മരുഭൂമിയുടെ നടുവിലെങ്കിലും കത്തിജ്വലിക്കുന്ന സൂര്യന് അഭിമുഖമെങ്കിലും, അതിന്റെ വേരുകളെ ഉറവുകളുടെ അന്വേഷണത്തിൽ അഗാധതയിലേക്കയക്കുക നിമിത്തം ഫലഭൂയിഷ്ഠമായി പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങളുണ്ട്. സ്വന്ത ജീവിതത്തിൽ, ക്രൂശിനെ ആഴത്തിൽ പ്രവർത്തിക്കുവാൻ അനുവദിച്ചിട്ടുള്ള ഒരു ക്രിസ്ത്യാനിക്കു മാത്രമേ ജീവിതപാതയിലെ ശോധനകളെ അതിജീവിക്കുവാൻ കഴിയൂ. ഒരു നാളിൽ വിശ്വാസവും ജീവനും തമ്മിലുള്ള ഒരു തിരഞ്ഞെടുപ്പിന്റെ നടുവിൽ നാം നിന്നാൽ നാം ഏതു തിരഞ്ഞെടുക്കും? ആ തിരഞ്ഞെടുപ്പ് അന്നല്ല തീരുമാനിക്കപ്പെടുന്നത് - ഇന്നേ നിർണ്ണയിക്കപ്പെട്ടിരിക്കുകയാണ്. അന്നത്തെ ശോധനയിൽ നാം പരാജയപ്പെടുന്ന പക്ഷം, ഇന്ന് നമ്മുടെ വേരുകൾ ആഴത്തിൽ ഇറങ്ങിച്ചെന്നിട്ടില്ല എന്നു സ്പഷ്ടം.

നിലനിൽക്കുന്ന ഫലത്തിന്റെ അഭാവത്തിന്റെ മറ്റൊരു കാരണം 'മണ്ണിന്റെ കടുപ്പം' എന്നുള്ളതാണ്. ചിലർ വേഗത്തിൽ വചനത്തെ കൈക്കൊള്ളുന്നുവെങ്കിലും അവരുടെ ജീവിതത്തിന്റെ വളർച്ചയെ തടയുന്ന, പാറസ്ഥലങ്ങളുണ്ട്. ഹൃദയ കാഠിന്യം ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തും. അനേക ക്രിസ്ത്യാനികളും തങ്ങളുടെ ആശയങ്ങളിൽ ഉറച്ചിരിക്കുകയാണ്. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ അവർ മുമ്പോട്ടു പോകുന്നില്ല. കർത്താവു തന്നെ വചനം നൽകി, തന്റെ ഹിതം അവരെ അറിയിക്കുമെങ്കിലും, തങ്ങളുടെ അഭിപ്രായങ്ങളാലും യുക്തിചിന്തകളാലും അവർ ദൈവത്തിന്റെ ഹിതത്തെ ചെറുക്കുന്നു. അവ്വണ്ണമുള്ള പാറസ്ഥലങ്ങളെ തകർക്കുവാൻ ദൈവത്തെ അനുവദിക്കാത്ത ഒരുവനും ആത്മീയമായി മുന്നേറുവാൻ കഴിയുകയില്ല. ദൈവത്തിന്റെ, വചനത്തിന്റെ, മുമ്പിലുള്ള നടുക്കവും ഹൃദയ നുറുക്കവും ഉള്ളവരിൽ മാത്രമേ ദൈവത്തിന്റെ ലക്ഷ്യങ്ങൾ സഫലമായിത്തീരുകയുള്ളു. ദൈവത്തിന്റെ വാക്കുകൾക്ക്, സ്വന്ത വാക്കുകൾ കൊണ്ടു മറുപടി പറയുന്ന ആരിലും ദൈവഹിതം നിറവേറുക സാധ്യമല്ല.

എന്നാൽ, ദൈവത്തിന്റെ എല്ലാ മക്കളും അവന്റെ വചനത്തോട് എതിർത്തു നിൽക്കുന്നവരല്ല. അവൻ പറയുന്നതെന്തും അപ്പാടെ ചെയ്യുവാൻ ഒരുക്കമുള്ള പലരും നമ്മുടെ ഇടയിൽ ഉണ്ടെന്നതിനാൽ ദൈവത്തിനു സ്തോത്രം. ഹൃദയ കാഠിന്യത്താൽ ദൈവത്തിന്റെ വചനത്തോടു നീ മറുതലിച്ചിരിക്കുന്നുവോ, മറ്റുള്ളവർക്കായി ദൈവം എന്തു പ്രവർത്തിച്ചിരിക്കുന്നുവോ, അതു നിനക്കായും പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും. ഇന്ന് നമ്മുടെ ജീവിതം തുലോം ആഴം കുറഞ്ഞതെങ്കിലും ക്രൂശിനെ അഭിമുഖീകരിക്കുന്ന ഓരോ അവസരത്തിലും അതിനെ സ്വീകരിക്കാൻ നാം തയ്യാറുള്ളവരോ? അങ്ങനെയെങ്കിൽ കർത്താവിൽ നാം ആഴത്തിൽ വേരൂന്നുവോളം ജീവന്റെ ആഴത്തിലേക്കു നമ്മെ നടത്തിക്കൊണ്ടിരിപ്പാൻ ദൈവത്തിനു കഴിയും. ■

ചിന്തയ്ക്ക്

# വിധിക്കരുത്

സാക് പുന്നൻ

"**നിങ്ങൾ** വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? അല്ല സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്: നില്ല് നിന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്ത കണ്ണിൽ നിന്നു കോൽ എടുത്തു കളക. പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളയാൻ വെടിപ്പായി കാണും" (മത്താ. 7:1-5).

മറ്റുള്ളവരെ വിധിക്കരുതെന്നും നമ്മെത്തന്നെ വിധിക്കണമെന്നും നിരന്തരം സ്വയം ഓർമിപ്പിക്കേണ്ട ആവശ്യം നമുക്കെല്ലാവർക്കും ഉണ്ട്.

നമുക്കെല്ലാം *വിവേചനം* വേണം - എന്നാൽ വിവേചനം ഒരു *ആത്മീയ ഗുണമാണ്.* അതു *അന്യനെ വിധിക്കുക* എന്ന *ജഡികമായ* കൃത്യത്തിൽ നിന്ന് ഏറെ വ്യത്യസ്തമാണ്.

നാം എല്ലാം *നിരന്തരം* ധ്യാനിക്കേണ്ട ഒരധ്യായം റോമർ 14 ആണ്. - ദൈവം തന്റെ മക്കൾക്കു പല മേഖലകളിലും നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചു വീണ്ടും വീണ്ടും ഓർക്കുവാൻ അതു നമ്മെ സഹായിക്കും.

നാം മറ്റുള്ളവരെ ആന്തരികമായും ബാഹ്യമായും വിധിക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു. ഇത്തരം കാര്യങ്ങളിൽ നാം മറ്റുള്ളവരെക്കുറിച്ച് അഭിപ്രായങ്ങൾ (മനസ്സിൽ പോലും) പാസ്സാക്കരുത്:

- ചിലർക്ക് കാറ് (ഒന്നോ, രണ്ടോ) വാങ്ങാമോ, അല്ലെങ്കിൽ അതിന്റെ മോഡൽ എന്തായിരിക്കണം?
- മറ്റുള്ളവർ വാടകയ്ക്ക് എടുക്കുന്ന വീടിന്റെ വലുപ്പം എന്തായിരിക്കണം?
- ആരെങ്കിലും ഒരു വീടു വാങ്ങിയാൽ, അതിന് എന്തു വലുപ്പം വേണം, അതിത്രയും ഗംഭീരമാകാമോ... എന്നിങ്ങനെ.
- മറ്റൊരാൾക്കു വീട്ടിൽ എത്രമാത്രം വിലപിടിപ്പുള്ള വാഷിങ് മെഷീനോ, ഫ്രിഡ്ജോ, മറ്റു ഗൃഹോപകരണങ്ങളോ ആകാം എന്നതു സംബന്ധിച്ച്.
- ഒരാൾ തന്റെ കുട്ടികൾക്ക് ഏതുതരം വിദ്യാഭ്യാസം നൽകണം?
- ഒരാൾക്ക് ഉന്നതമായ ശമ്പളം തേടി വിദേശ രാജ്യത്തു പോകാമോ, അവിടെ കുടിയേറാമോ?
- എത്രമാത്രം വസ്തുവകകൾ ഒരാൾക്കാകാം, എത്രമാത്രം പണം ഒരാൾക്കു ബാങ്ക് അക്കൗണ്ടിലുണ്ടാകാം (*ശ്രദ്ധിക്കുക: നാം* ***നമുക്കു വേണ്ടി*** *നിക്ഷേപം സ്വരൂപിക്കരുത് (മത്തായി 6:19); എന്നാൽ നാം മക്കൾക്കുവേണ്ടി കരുതണം എന്നു*

*കല്പിച്ചിരിക്കുന്നു (2 കൊരി. 12:14; 1 തിമൊ. 5:8).*

– ഏത് ആശുപത്രിയിൽ ഒരാൾ ചികിൽസയ്ക്കു പോകണം – പണച്ചെലവുള്ള ആശുപത്രിയിലോ, സാധാരണ ആശുപത്രിയിലോ?

– ഒരാൾക്കു മുന്തിയ ഹോട്ടലുകളിൽ/റസ്റ്ററന്റുകളിൽ താമസിക്കാമോ, ഭക്ഷണം കഴിക്കാമോ?

– ഒരു സഹോദരിക്കു സ്വർണാഭരണമോ, വില കൂടിയ സാരികളോ/വസ്ത്രങ്ങളോ അല്ലെങ്കിൽ സൽവാർ കമ്മീസോ അല്ലെങ്കിൽ പാന്റ്സോ അണിയാമോ?

– പുരുഷന്മാർക്കു നീണ്ട മുടി ആകാമോ? *(പ്രകൃതി പറയുന്നത് നീളം കുറഞ്ഞ മുടി എന്നാണ്, പക്ഷേ ദൈവം അതേക്കുറിച്ച് എന്തെങ്കിലും പറയുന്നില്ല – 1 കൊരി. 11:14).*

– സ്ത്രീകൾക്കു മുടി ക്രോപ്പു ചെയ്യാമോ? *(നീണ്ട മുടിയാണ് അവളുടെ തേജസ്സ്. പക്ഷേ ഇതു സംബന്ധിച്ച ദൈവകല്പനയല്ലിത്. –* 1 കൊരി. 11:15).

– ആർക്കെങ്കിലും (അവനോ/അവൾക്കോ) മുടി കറുപ്പിക്കാമോ?

– ഒരു സഹോദരിക്ക് ഏതെങ്കിലും തരത്തിലുള്ള മേക്കപ്പു ധരിക്കാമോ?

– ഒരാൾക്കു ടിവിയിൽ കായിക മത്സരങ്ങൾ കാണാമോ?

– ഒരാൾക്കു ടിവി ആകാമോ, പാടില്ലയോ?

– ഒരു വിവാഹപങ്കാളിയെ പരിഗണിക്കുമ്പോൾ ആർക്കെങ്കിലും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ നിലവാരം തിരഞ്ഞെടുക്കാമോ? *(ശ്രദ്ധിക്കുക: എല്ലാ മേഖലയിലും, (ആത്മിക, മാനസിക, ശാരീരിക) "തുല്യനുകം" ഉണ്ടായിരിക്കണം എന്നുള്ളതു കൊണ്ട്, ബോധമുള്ള വിശ്വാസികൾ 'മാനസിക' ഘടകങ്ങളും പരിഗണിക്കും).*

– ഒരാളുടെ വിവാഹം വളരെ ഗംഭീരമായിരിക്കണോ തീരെ ലളിതമായിരിക്കണോ.

– അങ്ങനെ, അങ്ങനെ...

ഇതെല്ലാം ചില മേഖലകൾ മാത്രമാണ്. നിങ്ങൾക്ക് ഈ പട്ടികയിൽ ഒട്ടേറെ കാര്യങ്ങൾ കൂട്ടിച്ചേർക്കാൻ കഴിയുമെന്ന് എനിക്കുറപ്പുണ്ട്. ഓരോ കുടുംബത്തിന്റെയും വരുമാനം അനുസരിച്ചാണ് ഇതു സംബന്ധിച്ചുള്ള തീരുമാനങ്ങൾ – വരുമാനം വിശ്വാസികളുടെ ഇടയിൽ **ഗണ്യ**മായ നിലയിൽ വ്യത്യസ്തമാണ്. ഒരു നഗരത്തിലെ വളരെ **ലളിതമായ** കാറും വീടും വിദ്യാഭ്യാസവും ജോലിയും വിവാഹവും പാവപ്പെട്ട ഗ്രാമത്തിൽ താമസിക്കുന്നവരുടെ നിലവാരം വച്ചു നോക്കിയാൽ വലിയ ആഡംബരവും ധൂർത്തും ആയി തോന്നാം. അതുകൊണ്ട് നമുക്ക് അന്യോന്യം വിധിക്കേണ്ട.

വിവാഹങ്ങൾ സാമ്പത്തിക സ്ഥിതി അനുസരിച്ചും ഇരുവശത്തുമുള്ള മതാപിതാക്കളുടെ പൂർണഹൃദയ മനോഭാവം അനുസരിച്ചുമാണു നടക്കുന്നത്.പലപ്പോഴും ഏതെങ്കിലും ഒരു വശത്തെ പകുതി മനസ്കരായ മാതാപിതാക്കൾ, വരൻ, വധു എന്നിവരുടെ അഭിപ്രായത്തെ സമാധാനത്തിനു വേണ്ടി അംഗീകരിക്കുന്നതിനെ ആശ്രയിച്ചായിരിക്കും ഇക്കാര്യത്തിലുള്ള അവസാന തീരുമാനം. അതുകൊണ്ട് ഇക്കാര്യത്തിൽ നാം മറ്റുള്ളവരെ വിധിക്കരുത്.

നമ്മൾ വളരെ ലാളിത്യമുള്ള മേഖലയിലായിരിക്കും നാം മറ്റുള്ളവരുടെ ആഡംബരത്തെ വിധിക്കുക– ഇതാണു സാധാരണ രീതി. അതുകൊണ്ടു മുകളിൽ പറഞ്ഞ കാര്യങ്ങളിൽ മറ്റുള്ളവരെ വിധിക്കുന്നവരേറെയും മറ്റു

പല മേഖലകളിൽ എവിടെയെങ്കിലും കുറവുള്ളവരായിരിക്കും എന്നതാണു സത്യം. പക്ഷേ അവരുടെ വിധിക്കുന്ന മനോഭാവം അവരെ അന്ധരാക്കിയിരിക്കുന്നതിനാൽ അവർക്കു സ്വന്തം കുറവുകൾ പലപ്പോഴും കാണാൻ കഴിയുന്നില്ല. അതുകൊണ്ടു മറ്റുള്ളരുടെ കണ്ണിലെ കരടിനെക്കുറിച്ചു വിധിക്കാതിരിക്കുകയാകും നല്ലത്.

നാം എല്ലാം 'സ്വന്തം കാര്യം നോക്കാൻ' പഠിക്കേണ്ടിയിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ മറ്റുള്ളവർ എന്തു ചെയ്യണമെന്നു പറയുന്നതു നാം ഒഴിവാക്കണം. അല്ലെങ്കിൽ *'മറ്റുള്ളവരുടെ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന'* സ്വയനീതിക്കാരായ പരീശന്മാരായി നാം തീർന്നു പോകും (1 പത്രൊ. 4:15). ഓരോരുത്തരെ അവന്റെ/അവളുടെ മനഃസാക്ഷിയനുസരിച്ചു പ്രവർത്തിക്കുവാൻ അനുവദിക്കുകയാണ് ഏറ്റവും ഉത്തമം.

സഭയിൽ നാം പ്രാഥമികമായും പാപത്തിനെതിരെയും **പണസ്നേഹത്തിന്** എതിരെയും സംസാരിച്ചാൽ മതി. ആരെങ്കിലും നമ്മോട് അഭിപ്രായം ചോദിച്ചാൽ **മാത്രം** ഉപദേശം നൽകിയാൽ മതിയാകും. അല്ലെങ്കിൽ പ്രകടമാംവിധം അതു പാപമാണെങ്കിൽ മാത്രം അതേപ്പറ്റി സംസാരിക്കുക.

സാമ്പത്തിക കാര്യങ്ങളിൽ നാം എല്ലാ വിശ്വാസികളെയും ഉത്സാഹിപ്പിക്കേണ്ടത് അവരുടെ വരുമാനത്തിന്റെ വേലിക്കുള്ളിൽ നില്ക്കാനാണ്. കടത്തിൽ പെടുന്നത് ദൈവം നമുക്കു ചുറ്റും വച്ചിട്ടുള്ള സാമ്പത്തിക മതിൽക്കെട്ടു പൊളിക്കുന്നതു പോലെയാണ്. സഭാപ്രസംഗി 10:8 അവസാനഭാഗം നോക്കുക, (*പാമ്പു കടിക്കുക'* എന്നതിന്റെ എബ്രായ പദം '*നാഷ്ക'* എന്നാണ്. അതു *കടക്കെണി* എന്നതിന്റെ എബ്രായപദമായ '*നാഷാ'*യോടു വളരെ സാമ്യമുള്ളതാണ്). കഴിയുന്നിടത്തോളം കടം ഒഴിവാക്കാൻ നാം വിശ്വാസികളെ ഉത്സാഹിപ്പിക്കുക. എന്നാൽ ആശുപത്രി ചികിൽസ അല്ലെങ്കിൽ വീട്, വാഹനം തുടങ്ങിയവ വാങ്ങുക പോലുള്ള അടിയന്തര ഘട്ടങ്ങളിൽ കടം ഒഴിവാക്കാൻ കഴിഞ്ഞെന്നു വരികയില്ല. എന്നാൽ അവ എത്രയും വേഗം കൊടുത്തു വീട്ടാൻ വിശ്വാസികളെ ഉത്സാഹിപ്പിക്കുക (റോമ. 13:8).

റോമർ 14ൽ പരിശുദ്ധാത്മാവു നൽകിയിട്ടുള്ള സ്വാതന്ത്ര്യം വിശ്വാസികൾക്കു കൊടുക്കാത്ത ഏതു സഭയും നിയമാനുസാരിയായ സഭ മാത്രമാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ബാഹ്യമായ കാര്യങ്ങളാണ്. എന്നാൽ ദൈവം നോക്കുന്നതു ഹൃദയങ്ങളെയാണ് - നമുക്കതു കാണാനാവില്ല. മേലാൽ '*കണ്ണുകൊണ്ടു കാണുന്നതു പോലെയും ചെവികൊണ്ടു കേൾക്കുന്നതു പോലെയുമല്ലാതെ നീതിയായി വിധിക്കത്തക്കവണ്ണം'* (യെശയ്യ 11:3,4) ദൈവത്തെ ഭയപ്പെടുവാൻ നമുക്ക് ഇടയാകട്ടെ. നാം *'സ്നേഹം ആചരിപ്പാൻ'* (1 കൊരി. 14:1) ഉത്സാഹിച്ചാൽ, നമ്മുടെ കർത്താവിൽ നിന്നു '*താഴ്മ പഠിക്കാൻ'* (മത്താ. 11:29) ആത്മാർത്ഥമായി തുനിഞ്ഞാൽ, 'മറ്റുള്ളവരെ വിധിക്കുക' എന്ന പടുകുഴിയിൽ പതിക്കാതെ നമുക്കു രക്ഷപ്പെടാൻ കഴിയും.

ലോകത്തിലെ ഏറ്റവും സന്തുഷ്ടരായ മനുഷ്യർ, **എപ്പോഴും** തങ്ങളെത്തന്നെ വിധിക്കുകയും **ഒരിക്കലും** മറ്റുള്ളവരെ വിധിക്കാതിരിക്കുകയും ചെയ്യുന്നവരാണ്! ■

അനുഭവം

# ക്രിസ്തു ഇല്ലാത്തവനായ ക്രിസ്ത്യാനി

സാധു സുന്ദർസിംഗ്

**ക്രിസ്തേതരരെന്നറിയപ്പെടുന്ന** അനേകർ അവരുടെ ഹൃദയത്തിൽ യഥാർത്ഥ സത്യക്രിസ്ത്യാനികളാണെന്നു ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. അതുപോലെ തന്നെ ക്രിസ്ത്യാനികളെന്നറിയപ്പെടുന്ന പലരും ഇനിയും ക്രിസ്തേതരാണെന്ന് നമുക്കു കാണാം. ക്രിസ്തു പറഞ്ഞത്: 'ഞാൻ വഴിയും സത്യവും ജീവനുമാണ്' എന്നത്രേ. ഒരു വഴി എന്താണെന്നറിയണമെങ്കിൽ അതിലെ നടന്നു നോക്കിയാൽ മാത്രമേ – സത്യം എന്താണെന്നറിയണമെങ്കിൽ പൂർണഹൃദയത്തോടെ അതിനുവേണ്ടി അന്വേഷിച്ചെങ്കിൽ മാത്രമേ–അറിയുവാൻ സാധിക്കുകയുള്ളു. വഴിയിൽക്കൂടി നടക്കുന്നതിനോ, ജീവിച്ചു നോക്കുന്നതിനോ ആഗ്രഹമില്ലാത്ത അനേകം നാമമാത്ര ക്രിസ്ത്യാനികളുണ്ട്. തന്മൂലം സത്യം എന്താണെന്നറിയുന്ന കാര്യത്തിൽ അവർക്കു പങ്കില്ല. ജീവിക്കുന്നവനായ ക്രിസ്തുവിൽക്കൂടി ജീവിച്ച് അവർക്കു പരിചയമില്ല. വഴിവിട്ട് അവർ സ്വന്ത വഴികൾ അംഗീകരിക്കുന്നു. അതിന്റെ അവസാനം നാശമത്രേ. പരിണതഫലമെന്താണ്? അവർ ക്രിസ്തുവില്ലാത്തവരെന്നും അവിശ്വാസികളെന്നും മാത്രമല്ല, പല അക്രൈസ്തവരേക്കാളും മോശക്കാരുമാകുന്നു.

**അവന്റെ സ്വന്തം ജനങ്ങളോ അവനെ സ്വീകരിച്ചില്ല.**

ക്രിസ്തീയ രാജ്യങ്ങൾ എന്നറിയപ്പെടുന്ന പാശ്ചാത്യ രാജ്യങ്ങളിൽ വിദ്യാഭ്യാസവും സാമൂഹ്യ-രാഷ്ട്രീയ സ്വാതന്ത്ര്യവും വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ ഉപദേശങ്ങളുടെ നേരിട്ടുള്ള ഫലമായിട്ടാണ് ഈ അവസ്ഥ സംജാതമായത്. എന്നാൽ ഒരു ജനപദവും സമ്പൂർണമായി ക്രിസ്തീയമല്ലെന്നോർക്കണം. ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളെ എല്ലാ ജനങ്ങളുടെ ഇടയിലും കാണാം. പക്ഷേ, ജനസമുദായത്തിലെ എല്ലാ വിഭാഗങ്ങളും പൂർണമായി ക്രിസ്ത്യാനികളാണെന്നു പറഞ്ഞുകൂടാ. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അനുഗ്രഹം മൂലം ഉന്നതി പ്രാപിച്ചിട്ടുള്ള ജനപദങ്ങൾ ഇക്കാലത്തു പലപ്പോഴും അവനിൽ നിന്നു വിട്ടുമാറി അവന്റെ കല്പനകളോട് അവിശ്വസ്തത കാണിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇത്തര രാജ്യങ്ങളിലെ ആളുകൾ ക്രിസ്തുവിനെ

ആളുകൾ ക്രിസ്തുവിനെ തങ്ങ ളുടെ രക്ഷകനായി വ്യക്തിപരമായി അംഗീകരിക്കുന്നതിനു പകരം അവനെ പലപ്പോഴും ഉപേക്ഷിച്ച്, അവന്റെ ദൈവത്വത്തെ നിഷേധിച്ച് അവനെ അപമാനത്തിലാക്കിയിരിക്കുന്നു. 'എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു' എന്ന ക്രിസ്തുവിന്റെ വചനം അവർ സ്ഥിരീകരിച്ചിരിക്കുന്നു. പാപക്കറ പുരണ്ട് അധഃപതിച്ചുപോയ സ്വജനങ്ങളെ ഉദ്ധരിച്ച് അവരെ ദൈവത്തിന്റെ പുത്രത്വത്തിലേക്കു സമ്പൂർണ്ണമായി ഉയർത്തുവാൻ വേണ്ടിയാണു ക്രിസ്തു വന്നത്. എന്നാൽ 'സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല.'

തങ്ങളുടെ രക്ഷകനായി വ്യക്തിപരമായി അംഗീകരിക്കുന്നതിനു പകരം അവനെ പലപ്പോഴും ഉപേക്ഷിച്ച്, അവന്റെ ദൈവത്വത്തെ നിഷേധിച്ച് അവനെ അപമാനത്തിലാക്കിയിരിക്കുന്നു. 'എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു' (യോഹ.13:18) എന്ന ക്രിസ്തുവിന്റെ വചനം അവർ സ്ഥിരീകരിച്ചിരിക്കുന്നു. പാപക്കറ പുരണ്ട് അധഃപതിച്ചുപോയ സ്വജനങ്ങളെ ഉദ്ധരിച്ച് അവരെ ദൈവത്തിന്റെ പുത്രത്വത്തിലേക്കു സമ്പൂർണ്ണമായി ഉയർത്തുവാൻ വേണ്ടിയാണു ക്രിസ്തു വന്നത്. എന്നാൽ 'സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല' (യോഹ. 1:11).

**ഒരു വിദ്യാർത്ഥി**

ക്രേംബ്രിഡ്ജിൽ ഞാൻ നടത്തിയ ഒരു മീറ്റിംഗിനു ശേഷം ഭാവി പ്രതീക്ഷകളുള്ള ഒരു ഹൈന്ദവ വിദ്യാർത്ഥി എന്റെ അടുക്കൽ വന്നു. ഇന്ത്യയിൽ വച്ച് അവനൊരു മിഷൻ സ്കൂളിലാണു പഠിച്ചിരുന്നത്. 'ഞാനൊരു ക്രിസ്ത്യാനിയാകും' എന്നു സ്വയം തീരുമാനിക്കത്തക്കവിധം മിഷൻ സ്കൂളിൽ വച്ച് അവന്റെ ഹൃദയം അത്ര വളരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു. അവൻ മിഷനറിയുടെ അടുക്കൽ ചെന്നു തന്നെ സ്നാനപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ സ്നാനപ്പെടുത്തുന്നതിനു ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള പ്രായം അവനു തികഞ്ഞിട്ടില്ലാത്തതിനാൽ മിഷനറിക്ക് അവനെ സ്നാനപ്പെടുത്തുവാൻ സാധിച്ചില്ല. പിന്നീട് അവൻ ഒരു മിഷൻ കോളജിൽ പഠിക്കുകയും, അനന്തരം അവന്റെ രക്ഷകർത്താക്കൾ അവനെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിലേക്ക് അയയ്ക്കുകയും ചെയ്തു. അവൻ പറഞ്ഞതു കേൾക്കൂ: ഇംഗ്ലണ്ടിലേക്കു വരുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ എന്റെ സന്തോഷം സീമാതീതമായിരുന്നു. നമ്മുടെ നല്ല മിഷനറിമാർ വരുന്ന ഒരു ക്രിസ്തീയ രാജ്യത്തിൽ നിന്നു വിദ്യാഭ്യാസവും ആത്മികാനുഗ്രഹങ്ങളും ലഭിക്കുവാനുള്ള സൗഭാഗ്യം എനിക്കുണ്ടായല്ലോ എന്നോർത്താണു ഞാൻ സന്തോഷിച്ചത്. എന്നാൽ ഇവിടെ വന്നു കുറെനാൾ താമസിക്കുകയും, ഇവിടുത്തെ ആളുകളുടെ പെരുമാറ്റവും ജീവിതരീതിയും കാണുകയും ചെയ്തപ്പോൾ എന്റെ മിഥ്യാബോധം മാറിക്കിട്ടി. അവധി

ക്കാലങ്ങളിൽ ഞാൻ ഫ്രാൻസ്, സ്വിറ്റ്സർലാൻഡ്, ജർമ്മനി മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ചപ്പോൾ അവിടുത്തെ ആളുകളെയും അടുത്തറിയുവാൻ ഇടയായി. അക്രൈസ്തവ രാജ്യങ്ങളിലുള്ളവർ ഒന്നുകിൽ ഹിന്ദുക്കളാണ്, അല്ലെങ്കിൽ മുസ്ലീങ്ങളാണ്, അതുമല്ലെങ്കിൽ വേറേതെങ്കിലും മതാനുയായികളാണ്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെ നിലയതല്ല, ഒന്നുകിൽ ക്രിസ്ത്യാനികൾ അല്ലെങ്കിൽ ഒന്നുമല്ല; ലൗകികത്വമൊഴിച്ചു മറ്റു യാതൊരു മതവുമില്ലാത്തവർ. സാധാരണ ജനങ്ങളുടെ നിലപാടു മാത്രമല്ല, ഉന്നത വിദ്യാഭ്യാസം ലഭിച്ച മുന്നണിക്കാരുടെയും നില ഇതു തന്നെ. 'ഏതെങ്കിലുമൊരു പ്രത്യേക മതത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല; എല്ലാ മതങ്ങളെയും ഞങ്ങൾ ഒരുപോലെയാണ് പരിഗണിക്കുന്നത്' എന്ന് എന്റെ പ്രൊഫസറന്മാരിൽ ചിലർ പോലും പറയുന്നുണ്ട്. ഇവരെക്കൂടാതെ ക്രിസ്ത്യാനികളെന്നു സ്വയം വിളിക്കുകയും ക്രിസ്ത്യാനിത്വത്തിന്റെ വേരിനു കോടാലി വയ്ക്കുകയും ചെയ്യുന്ന വേറെ ചിലരുണ്ട്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയയായി കരുതപ്പെടുന്ന 'ക്രിസ്തുവിന്റെ ദൈവതത്വ'ത്തെ അവർ നിഷേധിക്കുന്നു. ഇതെല്ലാം ആദ്യമായി കണ്ടപ്പോൾ ഞാൻ വളരെ ദുഃഖിതനായിത്തീർന്നു. ക്രിസ്തുവിന്റെ കൂട്ടായ്മയും സ്നേഹവും നേരത്തെ തന്നെ എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ക്രിസ്തുവിലുള്ള എന്റെ വിശ്വാസം നഷ്ടപ്പെട്ടു ഞാൻ മതമില്ലാത്തവനായിത്തീരുമായിരുന്നു. ക്രിസ്തുവിനെപ്പറ്റി ആഴമായ അനുഭവമില്ലായിരുന്നുവെങ്കിലും ക്രിസ്തുവിനെ തന്റെ രക്ഷകനായി സ്വീകരിച്ചതായ എന്റെ ഒരു സ്നേഹിതന് അങ്ങനെ സംഭവിക്കുകയുണ്ടായി. ക്രിസ്ത്യാനിയുടെ മതം വെറും പ്രകടനവും ജാടയുമല്ലാതെ മറ്റൊന്നുമല്ലെന്ന് അയാൾ തറപ്പിച്ചു പറയുന്നു. ക്രിസ്തീയ മതത്തിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ, മിഷനറിമാർ തിരിച്ചുപോയി അവരുടെ സ്വന്ത ജനങ്ങളെ പഠിപ്പിക്കുകയാണു വേണ്ടതെന്നും മിഷനറിമാരുടെ സ്വന്ത രാജ്യക്കാർക്കാണു ഞങ്ങളെക്കാളധികം ക്രിസ്ത്യാനിത്വം ആവശ്യമുള്ളതെന്നും

**അക്രൈസ്തവ രാജ്യങ്ങളിലുള്ളവർ ഒന്നുകിൽ ഹിന്ദുക്കളാണ്, അല്ലെങ്കിൽ മുസ്ലീങ്ങളാണ്, അതുമല്ലെങ്കിൽ വേറേതെങ്കിലും മതാനുയായികളാണ്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെ നിലയതല്ല, ഒന്നുകിൽ ക്രിസ്ത്യാനികൾ അല്ലെങ്കിൽ ഒന്നുമല്ല; ലൗകികത്വമൊഴിച്ചു മറ്റു യാതൊരു മതവുമില്ലാത്തവർ. സാധാരണ ജനങ്ങളുടെ നിലപാടു മാത്രമല്ല, ഉന്നത വിദ്യാഭ്യാസം ലഭിച്ച മുന്നണിക്കാരുടെയും നില ഇതു തന്നെ. 'ഏതെങ്കിലുമൊരു പ്രത്യേക മതത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല; എല്ലാ മതങ്ങളെയും ഞങ്ങൾ ഒരുപോലെയാണ് പരിഗണിക്കുന്നത്' എന്ന് എന്റെ പ്രൊഫസറന്മാരിൽ ചിലർ പോലും പറയുന്നുണ്ട്.**

**ഒരു സഭയിലെ അംഗങ്ങൾ ക്രിസ്തീയ ജീവിതമില്ലാത്തവരാണെങ്കിൽ ആ സഭ ക്രിസ്ത്യാനിത്വമില്ലാത്ത പള്ളി മതമാണ്. (Churchianity without Christianity). ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവരുടെ മതം യഥാർത്ഥത്തിൽ ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിത്വമാണ് (Christianity without Christ).**

അയാൾ ഇന്ത്യയിൽ തിരിച്ചു ചെല്ലുമ്പോൾ മിഷനറിമാരോടു പറയുവാനിരിക്കുകയാണ്."

ആ ഹൈന്ദവ വിദ്യാർത്ഥി തുടർന്നു: "സ്നേഹമില്ലാത്ത ഈ സഭകളിലൊന്നിലും (Churches wihout charity) ഞാനൊരിക്കും അംഗമാകയില്ല. എന്നാൽ എന്റെ കഴിവനുസരിച്ചു ഞാനെന്റെ കർത്താവിനെ പിന്തുടരുകയും സേവിക്കുകയും ചെയ്യും."

**യാഥാർത്ഥ്യം**

ഞാൻ ആ വിദ്യാർത്ഥിയോടു മറുപടിയായി പറഞ്ഞു: 'നീ പറയുന്നത് ഏറെക്കുറെ ഞാൻ സമ്മതിക്കുന്നു. എന്റെ അനുഭവവും ഏതാണ്ടിതു തന്നെയാണ്. ക്രിസ്തുവിനെ യാതൊരു തരത്തിലും അനുഭവമില്ലാത്ത അനേകർ, ക്രിസ്ത്യാനികളെന്നു തങ്ങളെത്തന്നെ വിളിക്കുന്നുണ്ടെന്ന് എനിക്കറിയാം. അവരെ ക്രിസ്തുവോടു-കൂടെയല്ലാത്ത-ക്രിസ്ത്യാനികൾ എന്നാണു ഞാൻ വിളിക്കുന്നത്. ഒരു സഭയിലെ അംഗങ്ങൾ ക്രിസ്തീയ ജീവിതമില്ലാത്തവരാണെങ്കിൽ ആ സഭ ക്രിസ്ത്യാനിത്വമില്ലാത്ത പള്ളി മതമാണ്. (Churchianity without Christianity). ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവരുടെ മതം യഥാർത്ഥത്തിൽ ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിത്വമാണ് (Christianity without Christ). അവരെല്ലാം തന്നെ അകത്തു പരിപ്പില്ലാത്ത പുറന്തോടുകളാണ്: അവർ ആത്മാവില്ലാത്ത ശരീരങ്ങളാണ്. വെറും നാഗരികതയും ധാർമിക ജീവിതവും-അതെത്രതന്നെ സുന്ദരമായിരുന്നാലും, ജീവനില്ലാത്ത തണുത്ത ഒരു പ്രതിമ മാത്രമാണ്. ഈ സ്ഥിതി കാണുന്നതുകൊണ്ടു നീ വല്ലാതെ കുഴങ്ങിപ്പോകരുത്. ഇതു നമ്മുടെ ജീവിക്കുന്ന കർത്താവിന്റെ കുറ്റമല്ല. അവനല്ല തെറ്റിപ്പോയത്; പിന്നെയോ, അവനെ മനസ്സിലാക്കുന്നതിനും പിന്തുടരുന്നതിനും കഴിവില്ലാത്ത ജനങ്ങളാണ് തോറ്റുപോയത്. തങ്ങളുടെ ജീവിതത്തിനു രൂപാന്തരം വരുത്തി ഹൃദയങ്ങൾ പറുദീസയാക്കുന്നതിനുള്ള അവസരം അവർ ക്രിസ്തുവിനു നൽകുന്നില്ല.

**ക്രിസ്തുവിന്റെ ദൈവത്വം**

ക്രിസ്തുവിന്റെ ദൈവത്വം എന്താണെന്നു മനസ്സിലാക്കുന്നതിനു മുമ്പു നാം പുതുജീവികളായിത്തീരണം. പാപക്കറ പുരണ്ട് അധഃപതിച്ചുപോയ നമ്മുടെ പഴയ സ്വഭാവം വച്ചുകൊണ്ടിരുന്നാൽ അവനെ മനസ്സിലാക്കുവാൻ നമുക്കു സാധിക്കയില്ല. അദൃശ്യനായ ദൈവത്തിന്റെ പ്രതിച്ഛായയായ അവനെ മനസ്സിലാക്കുന്നതിനു മുൻപ് ഒരു പുതിയ ജീവനും പുതിയ സ്വഭാവവും നമുക്കുണ്ടായിത്തീരണം. ആ പ്രതിച്ഛായയിലാണല്ലോ നാമും നിർമിക്കപ്പെട്ടിരിക്കുന്നത് (കൊലൊ. 1:15; 3:10). അപ്പോൾ മാത്രമേ അവൻ സത്യദൈവമാണെ

ന്നറിയുവാൻ നമുക്കു സാധിക്കുകയുള്ളു (1 യോഹ. 5:20).

**ജീവശ്വാസവും ദേഹിയും**

മനുഷ്യൻ അവന്റെ ആദ്യത്തെ നിലയിൽ നിന്നു താഴെ വീണുപോയി എന്നു മാത്രമല്ല, അവൻ മൃതപ്രായനുമായിരിക്കുന്നു. തന്മൂലം, നമ്മുടെ ചുറ്റിലുമുള്ള വായു നമുക്കു സ്പർശിച്ചറിയുവാൻ സാധിക്കാത്തതുപോലെ ദൈവസാന്നിദ്ധ്യവും മനുഷ്യനു സ്പർശിച്ചറിയുവാൻ സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു. മരിച്ചുപോയ ഒരാൾ സ്വജഡത്തിനു ചുറ്റിലുമുള്ള വായു ശ്വസിക്കുകയോ അതിന്റെ സാന്നിദ്ധ്യം അറിയുകയോ ചെയ്യുന്നില്ല. അതുപോലെ തന്നെ പാപത്തിൽ മരിക്കപ്പെട്ടവനായ ഒരു മനുഷ്യൻ ദൈവസാന്നിദ്ധ്യം സ്പർശിച്ചറിയുകയോ പ്രാർത്ഥനയാകുന്ന വായു ശ്വസിക്കുകയോ ചെയ്യുന്നില്ല.

ദൈവം ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു (ഉല്പ. 2;7). എന്നാൽ പാപംമൂലം ആ ആത്മാവും മൃതമായി. തന്മൂലം മനുഷ്യനിൽ കർത്താവു വീണ്ടും ജീവശ്വാസം ഊതേണ്ടത് ഒരു ആവശ്യമായിത്തീർന്നു (യോഹ. 20:22).

**ലോകത്തിന്റെ വെളിച്ചം**

സൂര്യനെത്തന്നെ അതിന്റെ വെളിച്ചത്തിൽ മാത്രമേ നമുക്കു കാണുവാൻ സാധിക്കുകയുള്ളു. 'ലോകത്തിന്റെ വെളിച്ചത്തെ' ക്രിസ്തുവിന്റെ വെളിച്ചത്തിൽ കൂടി മാത്രമേ കാണുവാനും അറിയുവാനും സാധിക്കുകയുള്ളു. എന്നാൽ അന്ധന്മാരുടെയും, 'കണ്ണുണ്ടെങ്കിലും കാണാത്തവരുടെയും' സ്ഥിതി മൂങ്ങയെപ്പോലെയും വവ്വാലിനെപ്പോലെയുമാണ്. കണ്ണുണ്ടെങ്കിലും സൂര്യനിൽ നിന്നു യാതൊരു സഹായവും അവയ്ക്കു കിട്ടുന്നില്ല.

**ക്രിസ്തുവിന്റെ വെളിപ്പെടുത്തൽ**

ദൈവസാക്ഷാൽക്കാരവും ആത്മീയ ഉൾക്കാഴ്ചയും ഈ ലോകത്തെപ്പറ്റിയുള്ള അറിവിലല്ല ഇരിക്കുന്നത്. 'ഇസ'ങ്ങളെപ്പറ്റിയും മറ്റുമുള്ള വെറും അറിവ് പ്രയോജന ശൂന്യമാണെന്നു മാത്രമല്ല അത് ആത്മാവിന്റെ ശബ്ദത്തെ നിശ്ശബ്ദമാക്കുകയും ചെയ്യുന്നു. ആത്മാവിന്റെ ശബ്ദത്തിന്റെ സ്ഥാനത്ത് ഒരു കൃത്രിമ ശബ്ദം ഉളവാകുന്നു. അതു മനുഷ്യരെ ശരിയായ വഴിയിൽക്കൂടി നടത്തുന്നതിനു പകരം വഴി തെറ്റിക്കുന്നു. യഥാർത്ഥമായ ആത്മീയ ജ്ഞാനം പ്രാർത്ഥനയിലും ധ്യാനത്തിലും കൂടി മാത്രമേ വരികയുള്ളു. അപ്പോൾ ദൈവം മനുഷ്യഹൃദയത്തിന്റെ രഹസ്യ അറകളോടു സംസാരിക്കും; 'ദൈവത്തിന്റെ മൃദുസ്വരം' (1രാജാ. 19:12) കേൾക്കുവാനും സാധിക്കും. ഈ ലോകത്തിന്റെ ജ്ഞാനികളിൽ നിന്നു മറച്ചു വയ്ക്കപ്പെട്ടിരിക്കുന്ന രഹസ്യങ്ങൾ, അങ്ങനെയുള്ള അവസരങ്ങളിൽ ദൈവം തന്റെ മക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കും. അവന്റെ മക്കളെന്ന പുതിയ ബന്ധത്തിലേക്കു പ്രവേശിക്കുവാൻ പര്യാപ്തമാകുന്ന പുതിയ ജനനം എന്ന അനുഭവം ഈ ജ്ഞാനികൾക്കുണ്ടായിട്ടില്ല. തന്നിൽ വിശ്വസിക്കുന്നവനു യേശു സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്നു (മത്താ. 11:26–27; യോഹ. 14:21–23). ശിക്ഷണം കൊണ്ടു നമുക്കു ലോകജ്ഞാനം നേടാൻ കഴിയും; എന്നാൽ ദൈവത്താൽ പ്രകാശിപ്പിക്കപ്പെട്ട ഉള്ളുണർവു കൊണ്ടു മാത്രമേ ആത്മീയ ജ്ഞാനം ലഭിക്കുകയുള്ളു.

*(തുടരും)*

ദൈവം യോജിപ്പിച്ചത്

### മോളിയും ജോൺ വെസ്‌ലിയും - 4



# ഗ്രേസും ചാൾസും: ജോണിന്റെ ജീവിതത്തിൽ

അജയ് ജോർജ്

**അമേരിക്കയിൽ** നിന്നു മടങ്ങി ആറു മാസം കഴിഞ്ഞപ്പോൾ വെസ്‌ലിയുടെ 'പുതിയ ജീവിതം' ആരംഭിച്ചു. അതുവരെ വിഷമിച്ചും വിഷാദിച്ചും കഴിഞ്ഞ ജോൺ, ലണ്ടനിലെ ഒരു കൺവെൻഷനിൽ പങ്കെടുക്കുകയും, മാർട്ടിൻ ലൂഥർ എഴുതിയ 'റോമാ ലേഖന വ്യാഖ്യാനം' വായിക്കുന്നത് കേൾക്കാനിടയാവുകയും ചെയ്തു. അത്ഭുതകരമെന്നേ പറയേണ്ടൂ, തന്റെ ഹൃദയം 'ചൂടുപിടിക്കുന്നതായി' അദ്ദേഹത്തിനു തോന്നി. ഇന്ന് നമുക്ക് അറിയാവുന്ന പരിശുദ്ധാത്മ അഭിഷേകമായിരുന്നു അത്. വെളിപ്പാടിലൂടെ ലൂഥർ മനസ്സിലാക്കിയ 'വിശ്വാസം മാത്രമാണ് രക്ഷയ്ക്ക് ആധാരം' എന്ന സത്യം അവിടെ വച്ച് ജോണും കണ്ടെത്തുകയായിരുന്നു. അമേരിക്കയിലേക്കുള്ള യാത്രാമദ്ധ്യേ പരിചയപ്പെട്ട മൊറേവിയൻ മിഷനറിമാർ ക്രിസ്തുവിനെ അറിഞ്ഞതുപോലെ താനും ഇപ്പോൾ അറിഞ്ഞു തുടങ്ങിയിരിക്കുന്നു.

ഏതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ, അതായത് 1739ൽ, വെസ്‌ലി സുവിശേഷം പ്രസംഗിച്ചു തുടങ്ങി. വെളിയോഗങ്ങളായിരുന്നു അധികവും. കേൾവിക്കാർ ഒട്ടേറെ. ചിലപ്പോൾ ഇരുപതിനായിരം ആളുകളൊക്കെ കൂടി വന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. പ്രവർത്തനം വളരെ വേഗം വിപുലപ്പെട്ടു. പാവപ്പെട്ട കുഞ്ഞുങ്ങൾക്കായി ഒരു സ്കൂൾ തുടങ്ങാനിടയായി. 'ബ്രിസ്റ്റൾ' എന്ന സ്ഥലത്ത് മീറ്റിംഗ് നടത്താൻ സ്വന്തമായി ഒരു കെട്ടിടം തന്നെ ഉണ്ടാക്കി. വേറൊരിടത്ത് ഉപേക്ഷിക്കപ്പെട്ടിരുന്ന ഒരു പീരങ്കി നിർമ്മാണശാല 1500 പേർക്കിരിക്കാവുന്ന തരത്തിലുള്ള പള്ളിയാക്കി മാറ്റിയെടുത്തു.

തുടർന്നു വന്ന അൻപതു വർഷങ്ങൾ അദ്ദേഹം ഇംഗ്ലണ്ടിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചു യോഗങ്ങളിൽ പ്രസംഗിച്ചു. മോട്ടോർ വാഹനങ്ങൾ കണ്ടു പിടിച്ചിട്ടില്ലാതിരുന്ന ആ സമയത്ത് ഈ യാത്രകളെല്ലാം കുതിരപ്പുറത്തായിരുന്നു. എത്ര ക്ലേശകരമായിരുന്നു അതെന്ന് ഇന്നു ചിന്തിക്കാൻ പ്രയാസം. ഓരോ കൊല്ലവും ഒമ്പതു മാസത്തോളം ഇത്തരം യാത്രകൾ. മഞ്ഞുകാലത്തു ദൂരയാത്രകൾ

അസാദ്ധ്യമായിരുന്നു. ഈ കാലയള വിലാണ് ബ്രിട്ടീഷ് ദ്വീപ സമൂഹങ്ങ ളിലുടനീളം മെതഡിസ്റ്റ് സംഘങ്ങൾ സ്ഥാപിതമായത്. ക്രിസ്തീയ ഗോള ത്തിൽ മാത്രമല്ല അല്ലാതുള്ള നില യിലും പതിനെട്ടാം നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖ വ്യക്തിയായി വെസ്‌ലി മാറിക്കൊണ്ടിരുന്നു.

ഇങ്ങനെയുള്ള പ്രവർത്തനങ്ങ ളുടെ പ്രാരംഭ ഘട്ടങ്ങളിലൊരിക്ക ലാണ് ഗ്രേസ് മറേ എന്നൊരു യുവ തിയെ വെസ്‌ലി കണ്ടുമുട്ടാനിടയാ യതും വീണ്ടും വിവാഹത്തെക്കുറിച്ചു ചിന്തിച്ചതും. ഒരു വിധവയായിരുന്നു ഗ്രേസ്. വയസ്സ് 29. വെസ്‌ലിയുടെ തന്നെ പ്രസംഗം കേട്ടാണ് ഗ്രേസ് മാനസാന്തരപ്പെട്ടത്. ചുറുചുറുക്കും മടിയില്ലായ്മയും സന്മനസ്സും ഒത്തു ചേർന്ന ഗ്രേസിന് പ്രസ്ഥാനത്തിലെ ഒരു പ്രധാന പ്രവർത്തകയായി മാ റാൻ അധികം സമയം വേണ്ടി വന്നി ല്ല. സ്ത്രീകൾക്കുള്ള ബൈബിൾ ക്ലാസുകൾ എടുത്തിരുന്നതും അവർക്കിടയിലെ മറ്റു പ്രവർത്തന ങ്ങൾക്കു നേതൃത്വം കൊടുത്തതും ഗ്രേസ് ആയിരുന്നു. വെസ്‌ലിക്ക പ്പോൾ വയസ്സ് 45. ആ സമയത്ത് ഒരി ക്കൽ അസുഖം വന്നു കിടപ്പിലായ വെസ്‌ലിയെ പരിചരിച്ചത് അദ്ദേഹ ത്തിന്റെ തന്നെ വാക്കുകളിൽ 'പ്രിയ ങ്കരിയായ ഭക്തയും സാമർത്ഥ്യവു മുള്ള' ഗ്രേസ് ആയിരുന്നു. ഇംഗ്ല ണ്ടിലെ രീതി അനുസരിച്ച് 'എന്നെ വിവാഹം കഴിക്കാൻ ഇഷ്ടമാണോ' എന്നു തെളിച്ച് ചോദിക്കാതെ 'എന്നെങ്കിലും ഞാൻ വിവാഹം കഴി ക്കുകയാണെങ്കിൽ നീയായിരിക്കും എന്റെ വധു' എന്നു ജോൺ സൂചി പ്പിക്കുകയുണ്ടായി. വിധവയായ ഗ്രേസിന് അതിൽപ്പരം സന്തോഷി ക്കാനില്ലായിരുന്നു എന്നു പറയേണ്ട തില്ലല്ലോ.

അസുഖം മാറി വെസ്‌ലി പ്രസംഗ പര്യടനം പുനരാരംഭിച്ചപ്പോൾ ഗ്രേസി നേയും സുവിശേഷ സംഘത്തോ ടൊപ്പം കൂട്ടി. പിന്നീട് അയർലന്റ് സന്ദർശിച്ചപ്പോഴും ഗ്രേസുണ്ടായിരു ന്നു. ചിലപ്പോഴൊക്കെ വെസ്‌ലിക്കു പിന്നിലായി അതേ കുതിരപ്പുറത്ത് ഗ്രേസും സഞ്ചരിക്കുമായിരുന്നത്രേ. നമുക്കു ലഭ്യമായ സൂചനകളനുസ രിച്ചു ഗ്രേസിനെപ്പോലെ ഇത്രയും കാലം അടുത്തു പെരുമാറിയ മറ്റൊരു സഹപ്രവർത്തകയും ജോണിനുണ്ടാ യിട്ടില്ല.

വളരെ ദൃഢമായ ഒരു സ്നേഹ ബന്ധം അവർക്കിടയിൽ വളർന്നു വന്നു. ഉടനെ വിവാഹം കഴിച്ചാലുള്ള ഗുണദോഷങ്ങളെപ്പറ്റി അദ്ദേഹം ചിന്തിച്ചു. വെസ്‌ലിയുടെ നോട്ട ത്തിൽ ഒരു ഭാര്യക്ക് ഏഴു കാര്യങ്ങൾ നിവർത്തിക്കാനുണ്ടായിരുന്നു. ഒന്നാ മതായി വീടിന്റെ ഭരണം, പിന്നെ തനിക്കു നൽകുന്ന ശുശ്രൂഷ, എല്ലാ റ്റിലും തന്റെ പങ്കാളി, വിശ്വസ്ത സ്നേഹിത, സുവിശേഷത്തിന് സഹ പ്രവർത്തക, ആത്മീയ വരങ്ങളുള്ള യാൾ, എല്ലാറ്റിനും പുറമേ ആത്മീയ ഫലങ്ങൾ പ്രവൃത്തിയിൽ നിന്നും പുറപ്പെടുവിക്കുന്ന വ്യക്തിയുമാക ണം.

ഈ ഏഴിനങ്ങളിലും ഗ്രേസിന് 'എ പ്ലസ്' ഉണ്ടായിരുന്നു! പ്രത്യക്ഷത്തിൽ വിവാഹത്തിന് തടസ്സമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീട് ചില പ്രശ്നങ്ങളുണ്ടാവാൻ സാദ്ധ്യതയുണ്ടായിരുന്നു. ഭാര്യയും ഭർത്താവും ഇത്തരം തിരക്കിട്ട പ്രവർത്തനത്തിലായിരിക്കുമ്പോൾ കുട്ടികളുടെ കാര്യം എങ്ങനെ? ജോൺ വിചാരിച്ചത് അവരെ ഏതെ ങ്കിലുമൊരു മെതഡിസ്റ്റ് ബോഡിങ്

സ്കൂളിൽ ആക്കാമെന്നായിരുന്നു. ഒരിടത്തും സ്ഥിരമായി നിൽക്കാൻ സാധിക്കാത്ത തങ്ങൾക്ക് അങ്ങനെയെങ്കിൽ കുട്ടികളുടെ 'ശല്യ'മില്ലാതെ പ്രസംഗപര്യടനങ്ങളുമായി മുന്നോട്ടു പോകാമല്ലോ. ഒരു ജീവചരിത്രകാരൻ പറഞ്ഞത്: 'കുടുംബ ബന്ധങ്ങളുടെ വ്യാപ്തി യഥാർത്ഥമായി മനസ്സിലാക്കിയ ആളായിരുന്നില്ല വെസ്ലി. അദ്ദേഹത്തിനു വേണ്ടിയിരുന്നത് ഒരു ഭാര്യയെയല്ല പ്രത്യുത സുവിശേഷത്തിനായി തന്നോടൊപ്പം പോരാടുന്ന ഒരു സഹപ്രവർത്തകയെയായിരുന്നു.' ശരിയായിരിക്കാം.

എന്നാൽ ഇതൊന്നുമല്ലാത്ത തടസ്സങ്ങളും ക്രമേണ തലപൊക്കി. ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കിയത്, എന്തെങ്കിലും ഒരു തീരുമാനമെടുത്ത് പ്രവർത്തിക്കുന്നതിനു പകരം പ്രശ്നത്തെപ്പറ്റി തിരിച്ചും മറിച്ചും ചിന്തിച്ച് എങ്ങുമെത്താതിരിക്കുന്ന വെസ്ലിയുടെ തന്നെ സ്വഭാവവൈകല്യമായിരുന്നു. വേറൊന്നുണ്ടായിരുന്നത് താൻ 'ഹോളി ക്ലബ്ബി'ലെ അംഗങ്ങൾക്കു മുന്നിൽ ചെയ്തുപോയൊരു പ്രതിജ്ഞയായിരുന്നു. അതായത് അവരുടെ സമ്മതം കൂടാതെ താൻ വിവാഹിതനാവുകയില്ലയെന്ന്. അതിന്റെ അർത്ഥം ക്ലബ്ബിലെ മറ്റ് അംഗങ്ങൾക്കൊപ്പം തന്റെ സഹോദരൻ ചാൾസിന്റെയും സമ്മതം വേണ്ടി വരും. ഗ്രേസിനെ കല്യാണം കഴിക്കാൻ ചാൾസ് ഒരിക്കലും സമ്മതിക്കുകയില്ലെന്ന് ജോണിന് തോന്നിയിരുന്നു.

ജോണിന്റെ തീരുമാനമില്ലായ്മ ഗ്രേസിനെ നിരാശപ്പെടുത്തിയെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സുവിശേഷ സംഘത്തിൽത്തന്നെ ഉണ്ടായിരുന്ന ജോൺ ബെന്നറ്റ് എന്നൊരാൾക്ക് ഗ്രേസിനോട് താത്പര്യമുണ്ടായിരുന്നു. വെസ്ലി മുന്നിലുണ്ടായിരുന്നതുകൊണ്ടു മാത്രമാണ്, അല്ലെങ്കിൽ ഗ്രേസിനെ സ്വീകരിക്കാൻ ബെന്നറ്റ് എപ്പോഴും സന്നദ്ധനായിരുന്നു. വെസ്ലി ഈ യുവതിയെ വിവാഹം കഴിക്കുന്നത് ശരിയല്ല എന്ന് അഭിപ്രായമുള്ള നേതാക്കളും പ്രസ്ഥാനത്തിലുണ്ടായിരുന്നു. കാരണം, ഇപ്പോൾ ഗ്രേസിനെ വിവാഹം കഴിച്ചാൽ കുറേ വർഷങ്ങളായി പ്രവർത്തനങ്ങളിൽ കൂടെയുള്ള ഇവർ യഥാർത്ഥത്തിൽ വെസ്ലിയുടെ രഹസ്യ ഭാര്യയായിരുന്നെന്നും, ആളുകളെ ബോധിപ്പിക്കാനായി മാത്രം ഇപ്പോൾ ഒരു ചടങ്ങ് നടത്തുന്നു എന്നേയുള്ളു എന്നും ജനം പറഞ്ഞേക്കാം. മറ്റു ചിലർ പറഞ്ഞത് ജോൺ വിവാഹം കഴിക്കുന്നെങ്കിൽ അതു തന്റെ അതേ സാമൂഹിക നിലയിൽപ്പെട്ട ഒരാളെയായിരിക്കണം എന്നാണ്. അതിൽ കുറഞ്ഞ ഒരാളുമായുള്ള ബന്ധം മടയത്തരമായിരിക്കുമെന്നു മാത്രമല്ല പ്രസ്ഥാനത്തെ പിളർന്നേക്കാനും അതു മതി എന്നവർ ഭയപ്പെട്ടു.

അപ്പോഴാണ് ജോണിന്റെ സഹോദരൻ ചാൾസ് പ്രശ്നത്തിലിടപെട്ടത്. ആരോ ഒരാൾ അഭിപ്രായപ്പെട്ടതുപോലെ 'ചാടി വീണു' എന്നു പറയുന്നതാണു ശരി. ജോൺ വിവാഹമേ കഴിക്കരുതെന്നായിരുന്നു ചാൾസിന്റെ വാദം. പ്രസ്ഥാനത്തിലെ ഏതൊരാൾക്കും വിവാഹിതനാവാം. പക്ഷേ ജോൺ സാധാരണ ആളല്ലല്ലോ. സംഘടനയുടെ സമുന്നത നേതാവു മാത്രമല്ല അതിന്റെ മുഖവുമാണ്. മറ്റുള്ളവർ പ്രസ്ഥാനത്തെ വിലയിരുത്തുന്നത് ജോണിനെ കണ്ടാണ്. അങ്ങനെയുള്ള ജോൺ ഗ്രേസിനെപ്പോലെ ഒരാളെ കല്യാണം കഴിച്ചാൽ അതു തെറ്റായ സന്ദേശം

പരത്തും. സംഘടന തന്നെ ഇല്ലാതാവാനും മതി. അവസാനം വേറെ ആരെയായാലും ഗ്രേസിനെ വിവാഹം കഴിക്കുന്നത് ആലോചിക്കുകയേ വേണ്ടെന്ന് ചാൾസ്, തറപ്പിച്ചു പറഞ്ഞു. അങ്ങനെയെന്തെങ്കിലും സംഭവിച്ചാൽ നേതൃത്വത്തിലെ പകുതിപ്പേരെങ്കിലും സംഘടന വിട്ടു പോകും. ഇത്രയൊക്കെ അനുജൻ പറഞ്ഞാൽ ജ്യേഷ്ഠൻ പിന്നെ എന്തു ചെയ്യും? അനിയന്റെ മാനസികാവസ്ഥ ജോൺ തന്റെ ഡയറിയിൽ ഇപ്രകാരം കുറിക്കുകയുണ്ടായി: ''ഞാൻ വിവാഹം കഴിക്കുന്നതു തന്നെ ശരിയല്ലെന്നിരിക്കെ, പ്രസ്ഥാനത്തിലെ ജീവനക്കാരിയും സാമൂഹികമായി താഴ്ന്ന നിലയിലുള്ളതുമായ ഒരാളെ കല്യാണം കഴിക്കാൻ പോകുന്നു എന്നു കേട്ടത് അവനെ ഞെട്ടിച്ചു കളഞ്ഞു.''

ചാൾസ് ഒരു നിമിഷം പോലും പാഴാക്കിയില്ല. ചാടി കുതിരപ്പുറത്തു കയറി പാഞ്ഞു പോയി- നേരെ ഗ്രേസിന്റെ വീട്ടിലേക്ക്. ഈ വിവാഹം നടന്നാൽ അതു ജോണിനും ദൈവവേലയ്ക്കും ഹാനികരമാവും എന്ന് അവരെ പറഞ്ഞു വിശ്വസിപ്പിച്ചു. രണ്ടു മണിക്കൂറിനുള്ളിൽ ഗ്രേസിനേയും കൂട്ടി ചാൾസ്, ബെന്നറ്റിന്റെ അടുത്തെത്തി. മെതഡിസ്റ്റ് പ്രസ്ഥാനത്തിന്റെ നൻമയ്ക്കായി ബെന്നറ്റും ഗ്രേസും വിവാഹിതരാകണമെന്ന് അഭ്യർത്ഥിച്ചു. വേറെ മാർഗ്ഗമൊന്നുമില്ലാതെ ഗ്രേസ് സമ്മതം മൂളി. ദിവസങ്ങൾക്കുള്ളിൽ ആ വിവാഹം 'സമംഗളം' നടന്നു!

ജോൺ കുപിതനായതിൽ അത്ഭുതപ്പെടാനില്ല. ചാൾസിന്റെ ചതി അത്രയ്ക്കു ഭയങ്കരവും അപ്രതീക്ഷിതവുമായിരുന്നല്ലോ. ഏതാണ്ടൊരായുഷ്ക്കാലം അവർക്കിടയിലുണ്ടായിരുന്ന സ്നേഹബന്ധം വേരറ്റു പോയി എന്നു തന്നെ പറയാം. ദിവസങ്ങൾ കടന്നുപോകവെ, ജോണിന് സഹോദരനോട് ക്ഷമിക്കാനായി എന്നത് സത്യം. എങ്കിലും എല്ലാം പഴയതു പോലെ ആയില്ല എന്നതും സത്യം. "എനിക്കു ക്ഷമിക്കാനാവും, പക്ഷേ ചെയ്തുപോയ തെറ്റ് എങ്ങനെ ശരിയാക്കാൻ സാധിക്കും!" എന്നാണ് അദ്ദേഹം ഇതിനെപ്പറ്റി എഴുതിയത്. അധികം താമസിയാതെ ജോൺ പ്രസംഗപര്യടനങ്ങൾ പുനരാരംഭിക്കുകയുണ്ടായി. 'യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ' എന്ന വചനത്തിൽ അദ്ദേഹം ആശ്വാസം കണ്ടെത്തി.

'ജോൺ എന്നെങ്കിലും ഗ്രേസിനെ വിവാഹം കഴിക്കുമായിരുന്നോ എന്നു സംശയിക്കുന്നു' എന്ന് ഒരു ജീവചരിത്രകാരൻ അഭിപ്രായപ്പെട്ടു. ഗ്രേസിന് എന്തെല്ലാം ആശ കൊടുത്തിട്ടുണ്ടെങ്കിലും, അവരെ തന്റെ ഭാര്യയായി എത്ര സങ്കൽപിച്ചിട്ടുണ്ടെങ്കിലും, ജോണിന്റെ മുൻകാല പെരുമാറ്റ രീതി അറിയാവുന്നവർക്കു പറയാൻ സാധിക്കുക, ചാൾസ് ഇടയിൽ കടന്നു കൂടിയില്ലെങ്കിൽപ്പോലും ജോൺ ഗ്രേസിനെ വിവാഹം കഴിക്കുമായിരുന്നില്ല എന്നാണ്.

എന്നാൽ, പതിനഞ്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ ജോൺ വിവാഹിതനാവുക തന്നെ ചെയ്തു! ഇപ്രാവശ്യം ആരും തന്റെ വധുവിനെ തട്ടിക്കൊണ്ടു പോകരുതെന്ന നിർബന്ധബുദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു!! (*തുടരും*)



# ബൈബിളിലൂടെ... 2 കൊരിന്ത്യർ

## 'നിങ്ങളുടെ പണത്തിൽ ഞങ്ങൾക്കു താത്പര്യമില്ല'

**രണ്ടു** കൊരിന്ത്യർ 8:20, 21 വാക്യങ്ങളിൽ, ആരും തന്നെ അനീതിയുള്ളവൻ എന്ന് ആരോപിക്കാതിരിക്കേണ്ടതിനു ദരിദ്രർക്കു പണം വിതരണം ചെയ്യുമ്പോൾ വളരെ ശ്രദ്ധയോടെയും സുതാര്യമായിട്ടും ആണ് താൻ അതു ചെയ്യുന്നതെന്നു പൗലൊസ് പറയുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ മാത്രമല്ല മനുഷ്യരുടെ ദൃഷ്ടിയിലും ബഹുമാന്യമായ കാര്യങ്ങളെ സംബന്ധിച്ചു നമുക്കു വലിയ ശ്രദ്ധ ഉണ്ടായിരിക്കണം. തങ്ങൾക്കു ലഭിച്ച പണത്തിന്റെ ഒരു അംശം പോലും താനോ തന്റെ സഹപ്രവർത്തകരോ സ്വന്ത ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചു എന്ന്



*നമ്മുടെ മനസ്സിലേക്കു ദൈവവചനം ഒഴിച്ചു കൊണ്ടിരുന്നാൽ ക്രമേണ ചില വർഷങ്ങൾക്കൊണ്ടു നമ്മുടെ മനസ്സിനെ വൃത്തിയാക്കിയെടുക്കുവാൻ സാധിക്കും.*

ആരും ആരോപിക്കുകയില്ലയെന്നു ഉറപ്പു വരുത്തുവാൻ പൗലൊസ് ശ്രമിച്ചിരുന്നു. അതുകൊണ്ടാണ് പൗലൊസ് ആ പണം യെരുശലേമിലെ സഭയിൽ എത്തിക്കുവാൻ തീത്തോസിനേയും മറ്റൊരു സഹോദരനേയും അയയ്ക്കുന്നത് (18-ാം വാക്യം). സഭയിൽ പണസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ നല്ല സാക്ഷ്യമുള്ള രണ്ടു വിശ്വാസികളെ ഒരുമിച്ചു ചുമതലപ്പെടുത്തുന്നതാണ് നല്ലത്.

**അദ്ധ്യായം ഒൻപത്**

9:6ൽ പൗലൊസ് വീണ്ടും ദാനം നൽകുക എന്ന വിഷയത്തെക്കുറിച്ചു സംസാരിക്കുന്നു. ദാനം ചെയ്യുന്നതിൽ നാം പിശുക്കുള്ളവരാണെങ്കിൽ അതിന് ആനുപാതികമായി മാത്രമേ നമുക്കു ലഭിക്കുകയുള്ളുവെന്ന് അദ്ദേഹം ഇവിടെ പറയുന്നു. അല്പം വിത്ത് വിതച്ചാൽ അല്പം മാത്രമേ കൊയ്യൂ. ധാരാളം വിത്ത് വിതയ്ക്കുമ്പോഴാണ് വലിയ കൊയ്ത്തു ലഭിക്കുന്നത്. പണസ്നേഹികളായ പല പ്രസംഗകരും (പ്രത്യേകിച്ചു ടെലിവിഷൻ സുവിശേഷകർ) അവർക്കു പണം നൽകാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നതിന് ഈ വാക്യം ഉപയോഗിക്കാറുണ്ട്. അത്തരം പ്രസംഗകർ പണത്തിനു വേണ്ടി മാത്രം ജോലി ചെയ്യുന്നവരും സാധാരണ വിശ്വാസികളെ ചതിക്കുന്നവരുമാണ്. തന്റെ അടുക്കലേയ്ക്കു വന്ന ധനികനായ ചെറുപ്പക്കാരനോടു യേശു എന്താണ് പറഞ്ഞത്? അവന്റെ പണമെല്ലാം ദരിദ്രർക്കു നൽകിയതിനു ശേഷം ഒട്ടും പണമില്ലാത്തവനായി തന്നെ അനുഗമിക്കുവാനാണ് യേശു അവനോട് പറഞ്ഞത്. യേശു ഇങ്ങനെ പറഞ്ഞില്ല (ഇന്നുള്ള പല പ്രസംഗകരും പറയുന്നതുപോലെ)- "നിന്റെ സ്വത്തെല്ലാം വിറ്റ് ആ പണം എനിക്കു തരിക. കാരണം നമ്മുടെ ശുശ്രൂഷയ്ക്കു ധാരാളം പണം ആവശ്യമുണ്ട്. പന്ത്രണ്ടു ശിഷ്യന്മാരെയും അവരുടെ കുടുംബത്തേയും സംരക്ഷിക്കേണ്ട ആവശ്യമുണ്ട്." യേശുവിനു വേണ്ടിയിരുന്നത് മനുഷ്യരെയാണ്. പണമല്ല.

എന്നാൽ ഒരു ധനികനോട് ഇങ്ങനെ പറയുന്ന ഒരു ദൈവവേലക്കാരനെ ഇന്ന് എവിടെ കാണാൻ കഴിയും: "നിങ്ങളുടെ പണത്തിൽ ഞങ്ങൾക്കു അല്പംപോലും താല്പര്യമില്ല. നിങ്ങൾ ആത്മീയമായി വളരണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അതുകൊണ്ടു നിങ്ങളുടെ പണം നിങ്ങൾക്കിഷ്ടമുള്ളവർക്കു നൽകുക. പിന്നീട് ഞങ്ങളുടെ സഭയിൽ വന്നു ദൈവവചനം കേൾക്കുക." ഇതാണ് നമ്മുടെ സഭകളിൽ നാം നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്.

9:7ൽ നാം ഇങ്ങനെ വായിക്കുന്നു: "സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." പഴയനിയമത്തിൽ ഒരുവൻ ദശാംശവും മറ്റു വഴിപാടുകളുമൊക്കെയായി എത്ര നൽകുന്നു എന്നതിനായിരുന്നു ഊന്നൽ കൊടുത്തിരുന്നത്. എന്നാൽ പുതിയനിയമത്തിൽ ഒരുവൻ എങ്ങനെ കൊടുക്കുന്നു എന്നതിനാണ് ഊന്നൽ. സന്തോഷത്തോടെയോ അതോ മടിയോടെയോ എന്നതാണ് നോക്കുന്നത്. ഇപ്പോഴത്തെ ചോദ്യം, നൽകിയ ആളിനെ സംബന്ധിച്ചല്ല. എന്നാൽ നൽകിയതിന്റെ ഗുണത്തെ സംബന്ധിച്ചാണ്. പുതിയ നിയമത്തിനു കീഴിൽ ഗുണത്തിനു മാത്രമാണ് പ്രാധാന്യം. സഭയുടെ പണിയിലും ഇങ്ങനെ തന്നെ.

ദൈവത്തിനു കൊടുക്കുന്ന കാര്യ

**ദൈവത്തിനു കൊടുക്കുന്നത് വളരെ ജ്ഞാനത്തോടെ വേണ മെന്ന മുന്നറിയിപ്പു കൂടി ഞാൻ നൽകട്ടെ. നിങ്ങളോടു പണം ആവശ്യപ്പെടുന്ന പ്രസംഗകർക്കു പണം നൽകരുത്. അതുപോലെ പണം ധൂർത്തടിക്കുന്ന പ്രസംഗ കർക്കും ഒരിക്കലും പണം നൽക രുത്. അവർ ദൈവത്തിന്റെ പണം പാഴാക്കുന്നു. പ്രാർത്ഥനയോടെ ദൈവഹിതം അന്വേഷിക്കുക, എവിടെയാണ് കൂടുതൽ ആവശ്യ ങ്ങളുള്ളതെന്നു ദൈവം കാണിച്ചു തരും.**

ത്തിൽ പല വിശ്വാസികളും ലുബ്ധ രാകയാൽ അവർ ആത്മീയ കാര്യങ്ങ ളിൽ ദരിദ്രരായിരിക്കുന്നു. ദൈവ ത്തിനു കൊടുക്കുന്നതിൽ ഹൃദയ വിശാലതയുള്ളവരായിരിക്കുക. ഒന്നാ മത് നിങ്ങളുടെ ജീവിതം കൊടുക്കു ന്നതിൽ. പിന്നീട് നിങ്ങളുടെ സമ യവും സമ്പത്തും കൊടുക്കുന്നതിൽ. അപ്പോൾ ദൈവം നൂറു മടങ്ങായി മടക്കി നൽകും.

ഞാൻ അവിവാഹിതനായിരുന്ന പ്പോൾ എനിക്കു ചെലവു കുറവായി രുന്നു. അതിനാൽ നേവിയിൽ നിന്നും എനിക്കു ലഭിച്ചിരുന്ന വരുമാന ത്തിന്റെ നല്ല പങ്കും ഞാൻ ദൈവവേ ലയ്ക്കു നൽകി. പിന്നീട് ഞാൻ വിവാഹിതനായപ്പോൾ എനിക്കു കൂടുതൽ സാമ്പത്തിക ആവശ്യ ങ്ങൾ ഉണ്ടായി. എന്നാൽ ഒരിക്കൽ പോലും ഞാൻ ഒരു കടക്കാരനായി ല്ല. ആരിൽ നിന്നും പണം വാങ്ങേണ്ട ആവശ്യം എനിക്കുണ്ടായില്ല. കാരണം ഞാൻ മുൻപു ദൈവത്തിനു നൽകിയതു ദൈവം തിരികെ നൽകി തുടങ്ങിയിരുന്നു. അതുകൊണ്ട് ഞാൻ എന്റെ അനുഭവത്തിൽ നിന്നു പറയട്ടെ. ദൈവത്തിനു ധാരാളമായി കൊടുക്കുക, അപ്പോൾ നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളും പരിഹ രിക്കപ്പെടുന്നത് കാണാം. എന്നാൽ ദൈവത്തിനു കൊടുക്കുന്നത് വളരെ ജ്ഞാനത്തോടെ വേണമെന്ന മുന്ന റിയിപ്പു കൂടി ഞാൻ നൽകട്ടെ. നിങ്ങ ളോടു പണം ആവശ്യപ്പെടുന്ന പ്രസം ഗകർക്കു പണം നൽകരുത്. അതു പോലെ പണം ധൂർത്തടിക്കുന്ന പ്രസംഗകർക്കും ഒരിക്കലും പണം നൽകരുത്. അവർ ദൈവത്തിന്റെ പണം പാഴാക്കുന്നു. പ്രാർത്ഥന യോടെ ദൈവഹിതം അന്വേഷി ക്കുക, എവിടെയാണ് കൂടുതൽ ആവ ശ്യങ്ങളുള്ളതെന്നു ദൈവം കാണിച്ചു തരും. ധനവാന്മാർക്കു നൽകാതെ ദരിദ്രർക്കു നൽകുക. യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തി അവർ ക്കു കൊടുക്കുക. അപ്പോൾ നിങ്ങ ളുടെ ആവശ്യ സമയത്തു ദൈവം നിങ്ങൾക്കു വലിയൊരു കൊയ്ത്തു നൽകുന്നതു നിങ്ങൾ കാണും. സമ്പ ന്നനായ സ്വർഗ്ഗീയ പിതാവിന്റെ മക്കൾ കടക്കാരും നിരന്തരം സാമ്പ ത്തിക ബുദ്ധിമുട്ടിൽ കഴിയുന്നവരുമാ കണമെന്നത് ഒരിക്കലും ദൈവഹിത മല്ല. പല വിശ്വാസികളും ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിനു കാര ണം അവൻ ദൈവത്തിനു ധാരാള മായി കൊടുക്കുന്നില്ലായെന്നതാണ്. നാം വിതയ്ക്കുന്നതാണ് നാം കൊയ്യുന്നത്.

**അദ്ധ്യായം പത്ത്**

പൗലൊസ് മഹാനായൊരു അ

പ്പൊസ്തലനും കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ പുതിയ വിശ്വാസികളും ആയിരുന്നു. എങ്കിലും അദ്ദേഹം അവരുടെ മുമ്പാകെ തന്നെത്താൻ താഴ്ത്തി ഇങ്ങനെ എഴുതി. 10:1ൽ അദ്ദേഹം പറയുന്നു: "ഞാൻ ക്രിസ്തുവിന്റെ സൗമ്യതയിലും ശാന്തതയിലും നിങ്ങളോട് അഭ്യർത്ഥിക്കുന്നു." അങ്ങനെയാണ് അദ്ദേഹം എപ്പോഴും സംസാരിച്ചത്.

തുടർന്ന് അദ്ദേഹം ഇങ്ങനെ പറയുന്നു: "നമ്മുടെ ചിന്താമണ്ഡലത്തിലെ കോട്ടകൾ" ( 5-ാം വാക്യം). നമ്മുടെ ജഡമോഹം, നമ്മുടെ ഉള്ളിൽ ദുഷ്ചിന്തകളാലും സ്വാർത്ഥചിന്തകളാലും ബലമുള്ള ഒരു കോട്ട കെട്ടിയിരിക്കുന്നു. അവയാൽ നാം നമ്മുടെ മോഹങ്ങളെ തൃപ്തിപ്പെടുത്തുമാറ് സ്വാർത്ഥതയോടെ ജീവിക്കുന്നു. രാത്രിയിൽ നാം ഉറങ്ങുമ്പോൾ ഈ കോട്ടയിൽ നിന്നു ദുഷ്ചിന്തകൾ സ്വപ്നമായി വരുന്നു. നാം എപ്പോഴും ഇങ്ങനെ ജീവിക്കണമെന്നത് ദൈവഹിതമാണോ? ഒരിക്കലുമല്ല. എല്ലാ ചിന്തകളും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിരിക്കണമെന്നതാണ് ദൈവഹിതം. ദൈവം നമുക്കു നൽകുന്ന ആത്മീയ ആയുധങ്ങൾ ഉപയോഗിച്ച് ഈ കോട്ടകളെ നമുക്കു തകർക്കാം. ഈ കോട്ടകളെ തകർക്കാൻ തക്ക ശക്തിയുള്ള ഒരു പ്രധാനപ്പെട്ട ആയുധം ദൈവവചനം തന്നെയാണ് (4-ാം വാക്യം). അങ്ങനെ നമുക്ക് "ഏതു വിചാരങ്ങളെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുവാൻ" കഴിയും.

കൂടുതൽ കൂടുതൽ ദൈവവചനങ്ങൾ കൊണ്ട് നമ്മുടെ മനസ്സു നിറച്ചാൽ ഈ കോട്ടകൾ ഓരോന്നായി തകരുന്നതും അവയിലെ പടയാളികൾ (ചിന്തകൾ) നശിക്കുന്നതും നാം മനസ്സിലാക്കും. ഒരു ചെറുപ്പക്കാരനെന്ന നിലയിൽ ഞാനും നിങ്ങളെല്ലാവരേയുംപോലെ ദുഷ്ചിന്തകളോടു പോരാടിയിരുന്നു. ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും എന്റെ മനസ്സിനെ വചനങ്ങൾക്കൊണ്ട് നിറയ്ക്കുകയും ചെയ്യുകയെന്നതായിരുന്നു എന്റെ ചെറുപ്പകാലത്തു ഞാൻ കണ്ടെത്തിയ മാർഗ്ഗം. മലിനജലം നിറഞ്ഞ ഒരു പാത്രം പോലെയാണ് നമ്മുടെ മനസ്സ്. കാരണം മാനസാന്തരത്തിനു മുമ്പുള്ള നാളുകളിലെ മ്ലേച്ഛകരമായ പലതും നാം അതിലേക്കിട്ടിട്ടുണ്ട്. ഒരു പാത്രം ശുദ്ധജലം അതിലേക്ക് ഒഴിച്ചാൽ അല്പം മലിനജലം പുറത്തേക്കു കവിഞ്ഞ് ഒഴുകിപ്പോകും. ഇതു തുടർന്നാൽ പാത്രത്തിലെ ജലം

നമ്മുടെ ജഡമോഹം, നമ്മുടെ ഉള്ളിൽ ദുഷ്ചിന്തകളാലും സ്വാർത്ഥചിന്തകളാലും ബലമുള്ള ഒരു കോട്ട കെട്ടിയിരിക്കുന്നു. അവയാൽ നാം നമ്മുടെ മോഹങ്ങളെ തൃപ്തിപ്പെടുത്തുമാറ് സ്വാർത്ഥതയോടെ ജീവിക്കുന്നു. രാത്രിയിൽ നാം ഉറങ്ങുമ്പോൾ ഈ കോട്ടയിൽ നിന്നും ദുഷ്ചിന്തകൾ സ്വപ്നമായി വരുന്നു. നാം എപ്പോഴും ഇങ്ങനെ ജീവിക്കണമെന്നത് ദൈവഹിതമാണോ? ഒരിക്കലുമല്ല. എല്ലാ ചിന്തകളും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിരിക്കണമെന്നതാണ് ദൈവഹിതം

**ദൈവദാസന്മാരെന്ന നിലയിൽ നമ്മുടെ ശുശ്രൂഷയെ സ്വീകരിക്കാത്തവരിൽ നിന്നോ സഭകളിൽ നിന്നോ ഒരു പണവും സ്വീകരിക്കരുത്. കർത്താവായ യേശുവിന്റെ സ്ഥാനപതികളെന്ന ഒരു വലിയ പദവി നമുക്കുണ്ട്. ഒരു വിശ്വാസിയുടെ പക്കൽ നിന്നും പണം സ്വീകരിക്കുമ്പോൾ അതു കൂട്ടായ്മയുടെ പ്രവൃത്തിയാണ്. അതിനാൽ നമ്മുടെ ശുശ്രൂഷയെ സ്വീകരിക്കുന്നവരിൽ നിന്നും പണം സ്വീകരിക്കുന്നതിൽ തെറ്റില്ല. അല്ലാതെ ആകരുത്.**

കൂടുതൽ കൂടുതൽ ശുദ്ധമായിക്കൊണ്ടിരിക്കും. നമ്മുടെ മനസ്സിലേക്കു ദൈവവചനം ഒഴിച്ചുകൊണ്ടിരുന്നാൽ ക്രമേണ ചില വർഷങ്ങൾക്കൊണ്ടു നമ്മുടെ മനസ്സിനെ വൃത്തിയാക്കിയെടുക്കുവാൻ സാധിക്കും. എന്നാൽ ഇപ്പോഴും ഇടയ്ക്കിടെ ആ പാത്രത്തിലേക്ക് അല്പം മാലിന്യം നാം ഇട്ടുകൊണ്ടിരുന്നാൽ ശുദ്ധീകരണ പ്രക്രിയ വൈകും. നമ്മുടെ എല്ലാ വിചാരങ്ങളേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുന്നതിന് ആവശ്യമായ കൃപ ലഭിക്കുവാൻ ദൈവത്തോടു നമുക്ക് അപേക്ഷിക്കാം.

10:13ൽ പൗലൊസ് പറയുന്നു: "നമ്മുടെ അളവിനൊത്തവണ്ണം അല്ലാതെ പ്രശംസിക്കരുത്."

അദ്ദേഹം തുടർന്നു പറയുന്നു. "ദൈവം എന്റെ ശുശ്രൂഷയ്ക്ക് ഒരു പ്രത്യേക പരിധി വച്ചിരിക്കുന്നു. ആ പരിധിക്കു പുറത്തു പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല." നമ്മുടെ കർത്താവായ യേശുവിന്റെ ആദ്യനാളുകളിൽ യിസ്രായേലിന്റെ അതിരുകൾക്കുള്ളിലായിരുന്നു അവിടുത്തെ ശുശ്രൂഷയുടെ പരിധി. അവിടുന്നു യിസ്രായേലിന്റെ അതിരു വിട്ട് അപൂർവ്വമായി മാത്രമേ പോയിട്ടുള്ളു. പൗലൊസിനും ദൈവത്താൽ നിയമിക്കപ്പെട്ട ഒരു പരിധിയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ പൗലൊസിനു പത്രൊസിനോടോ അന്ത്രയോസിനോടോ മത്തായിയോടോ മറ്റാരോടെങ്കിലുമോ ആ മത്സരമുണ്ടായിരുന്നില്ല. ദൈവം തനിക്കു നൽകിയ പരിധിക്കുള്ളിൽ മാത്രമാണ് അദ്ദേഹം പ്രവർത്തിച്ചത്. തന്റെ പ്രവർത്തന മണ്ഡലത്തിന്റെ അതിരുകളെ കുറിച്ചു പൗലൊസിനു നല്ല വ്യക്തതയുണ്ടായിരുന്നു, ഇന്നുള്ള പല പ്രസംഗകർക്കും അവരുടെ അതിരുകളെ കുറിച്ചു നല്ല വ്യക്തതയില്ല. അതുകൊണ്ടാണ് അവർ മറ്റു പ്രസംഗകരുമായി മത്സരിക്കുകയും പോരാടുകയും ചെയ്യുന്നത്.

11:2,3 വാക്യങ്ങളിൽ, "കുഞ്ഞാടിന്റെ കല്യാണ ദിവസം" കൊരിന്തു ക്രിസ്ത്യാനികളെ നിർമ്മല കന്യകയായി കർത്താവിനെ ഏല്പിക്കുവാനാണ് ഞാൻ ഏറ്റവും ആഗ്രഹിക്കുന്നതെന്നു പൗലൊസ് പറയുന്നു. അതുകൊണ്ട് അവർ മറ്റാരുമായും ഒരു സ്നേഹബന്ധത്തിൽ വീഴരുതെന്നുള്ള വാശി അദ്ദേഹത്തിനുണ്ടായിരുന്നു. അബ്രഹാമിന്റെ ദാസനായ എലിയാസർ യിസഹാക്കിനുള്ള വധു റിബേക്കയുമായി ഒരു ദീർഘയാത്ര (ഊരിൽ നിന്നും കനാൻവരെ 1500

കിലോമീറ്റർ) പോയ സംഭവം ഓർക്കുക. ആ യാത്രയ്ക്കിടെ സൗന്ദര്യമുള്ള ചെറുപ്പക്കാർ ആരെങ്കിലും റിബേക്കയുടെ സ്നേഹം നേടാൻ ശ്രമിച്ചിരുന്നുവെങ്കിൽ എലിയാസർ റിബേക്കയ്ക്ക് ഇങ്ങനെയൊരു മുന്നറിയിപ്പു നൽകുമായിരുന്നു. "ഈ ചെറുപ്പക്കാരനിലേക്കു നീ ആകർഷിക്കപ്പെടരുത്. നിന്നെയൊരു നിർമ്മല കന്യകയായി എനിക്കു യിസഹാക്കിനെ എല്പിക്കുവാനുള്ളതാണ്." പൗലൊസിനും അതുപോലെ കൊരിന്ത്യയിലെ സഭയെ സൂക്ഷിച്ചു യേശുവിനായി സമർപ്പിക്കണമെന്നുണ്ടായിരുന്നു. എല്ലാ ദൈവദാസന്മാർക്കും തങ്ങൾ ശുശ്രൂഷിക്കുന്ന ആളുകളെ കുറിച്ച് ഉണ്ടാകേണ്ട വിശുദ്ധമായൊരു എരിവാണിത്. അവർ അവരോടു പറയണം, 'നിങ്ങൾ യേശുവിനായി വേർതിരിക്കപ്പെട്ടവരാണ്. അതിനാൽ പണത്തോടോ, അവിഹിതമായ ലൈംഗികതയോടോ, ലോക മഹത്വത്തോടോ ആകർഷിക്കപ്പെടരുത്. ഇവ നിങ്ങളെ ആകർഷിക്കുവാൻ ശ്രമിക്കും. എന്നാൽ നിങ്ങൾ അവയുടെ പ്രലോഭനങ്ങളെ എതിർത്തു നിങ്ങളെ എപ്പോഴും വിശുദ്ധിയിൽ സൂക്ഷിക്കണം. തുടർന്നു പൗലൊസ് പറയുന്നു "സാത്താൻ ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായി പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."

എപ്പോഴാണ് ഒരുവൻ പിന്മാറി വഴി വിട്ടു പോകുന്നത്? അവൻ ഏതെങ്കിലും ദുരുപദേശ കൂട്ടത്തിൽ പോകുമ്പോഴോ വ്യാജ ഉപദേശങ്ങളിൽ വിശ്വസിക്കുമ്പോഴോ ആണോ? 11:3-ാം വാക്യം അനുസരിച്ചു ക്രിസ്തുവിനോടുള്ള ഏകാഗ്രത വിടുന്ന എല്ലാ ക്രിസ്ത്യാനികളും വഴിതെറ്റി പോയിരിക്കുന്നു. ദൈവജനത്തിന്റെ ഇടയന്മാരെന്ന നിലയിൽ നമുക്കുള്ള ജോലി ഈ ആട്ടിൻകൂട്ടത്തെ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ സൂക്ഷിക്കുകയെന്നതാണ്. ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമിതാണ്. വിശ്വാസികൾ യേശുവിനെ തീക്ഷ്ണമായി സ്നേഹിക്കുന്നതിൽ നിന്നും വഴി തെറ്റിക്കുവാൻ പിശാച് എല്ലായ്പ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനോടുള്ള തീക്ഷ്ണമായ സ്നേഹം നഷ്ടപ്പെട്ടതിനു ശേഷം നാം എത്ര സുവിശേഷ പ്രസംഗം നടത്തിയാലും വചനം പഠിപ്പിച്ചാലും, ദൈവത്തിനായി മറ്റേതു വേല ചെയ്താലും ഒരു പ്രയോജനവുമില്ല. എഫേസ്യ സഭയിലെ ദൂതനെക്കുറിച്ചു ദൈവത്തിനുള്ള ഏക പരാതിയും ഇതു തന്നെയായിരുന്നു (വെളി. 2:4).

താൻ അവിടെയുള്ള ക്രിസ്ത്യാനികൾക്കാർക്കും ഒരു തരത്തിലുള്ള സാമ്പത്തിക ഭാരവും ഉണ്ടാക്കിയിട്ടില്ലെന്നു തുടർന്നു പൗലൊസ് പറയുന്നു: "നിങ്ങളുടെ ഇടയിൽ ഇരുന്നപ്പോൾ ഞാൻ ഒരു വിധേനയും നിങ്ങൾക്കു ഭാരമായിത്തീരാതെ വണ്ണം സൂക്ഷിച്ചു" (11:5-13). തന്റെയും തന്റെ സഹപ്രവർത്തരുടെയും ആവശ്യങ്ങൾക്കായി അദ്ദേഹം കൂടാരപ്പണി ചെയ്തു. എന്നിരുന്നാലും ചില സന്ദർഭങ്ങളിൽ ഫിലിപ്യയിലെ സഭയിൽ നിന്നു ചില സംഭാവനകൾ സ്വീകരിച്ചു (11:8,9). ഈ വേർതിരിവ് അദ്ദേഹം കാണിച്ചതെന്തുകൊണ്ടാണ്? കൊരിന്ത്യയിലെ പല വിശ്വാസികളും അദ്ദേഹത്തിന്റെ അപ്പൊസ്തലിക ശുശ്രൂഷ അംഗീകരിച്ചിരുന്നില്ലയെന്നതാണ് കാരണം. ദൈവ

**എപ്പോഴാണ് ഒരുവൻ പിന്മാറി വഴിവിട്ടു പോകുന്നത്? അവൻ ഏതെങ്കിലും ദുരുപദേശ കൂട്ടത്തിൽ പോകുമ്പോഴോ വ്യാജ ഉപദേശങ്ങളിൽ വിശ്വസിക്കുമ്പോഴോ ആണോ? ക്രിസ്തുവിനോടുള്ള ഏകാഗ്രത വിടുന്ന എല്ലാ ക്രിസ്ത്യാനികളും വഴിതെറ്റി പോയിരിക്കുന്നു.**

ദാസന്മാരെന്ന നിലയിൽ നമ്മുടെ ശുശ്രൂഷയെ സ്വീകരിക്കാത്തവരിൽ നിന്നോ സഭകളിൽ നിന്നോ ഒരു പണവും സ്വീകരിക്കരുത്. കർത്താവായ യേശുവിന്റെ സ്ഥാനപതികളെന്ന ഒരു വലിയ പദവി നമുക്കുണ്ട്. ഒരു വിശ്വാസിയുടെ പക്കൽ നിന്നും പണം സ്വീകരിക്കുമ്പോൾ അതു കൂട്ടായ്മയുടെ പ്രവൃത്തിയാണ്. അതിനാൽ നമ്മുടെ ശുശ്രൂഷയെ സ്വീകരിക്കുന്നവരിൽ നിന്നും പണം സ്വീകരിക്കുന്നതിൽ തെറ്റില്ല. അല്ലാതെ ആകരുത്.

11:23-33ൽ കർത്താവിനു വേണ്ടിയുള്ള തന്റെ വേലയിൽ താൻ അനുഭവിച്ച വിവിധ ശോധനകളെ കുറിച്ചു പൗലൊസ് പറയുന്നു. ഞാൻ തടവിലായതും, ചാട്ടവാറുകൊണ്ടും കോലുകൊണ്ടും അടിയേറ്റതും താൻ അനുഭവിച്ച ഉറക്കമില്ലാത്ത രാത്രികളും വിശപ്പും ദാഹവും പ്രതികൂല കാലാവസ്ഥയും താൻ നേരിട്ട കള്ളന്മാരിൽ നിന്നുള്ള അപകടവും അങ്ങനെയെല്ലാറ്റിനെക്കുറിച്ചും പറയുന്നു. തണുപ്പ് അകറ്റാനുള്ള വസ്ത്രങ്ങളും, ഭക്ഷിക്കുവാൻ ആവശ്യത്തിനു ആഹാരവും ഇല്ലാതിരുന്ന സന്ദർഭങ്ങളുമുണ്ടായിരുന്നു. വസ്ത്രത്തിനോ ആഹാരത്തിനോ ആവശ്യമായ പണം അദ്ദേഹത്തിന്റെ പക്കൽ അപ്പോൾ ഉണ്ടായിരുന്നില്ല. ദൈവം ഇതിലൂടെയെല്ലാം അദ്ദേഹത്തെ കടത്തി വിട്ടത് കഷ്ടതയിലൂടെ കടന്നു പോകുന്ന മറ്റു ക്രിസ്ത്യാനികൾക്ക് ഒരു മുൻഗാമിയാകുന്നതിനു വേണ്ടിയാണ്. ഓരോ ശോധനയുടെ സമയത്തും പൗലൊസ് തന്നെത്താൻ താഴ്ത്തി. "ഒരിക്കൽ ദമസ്കോസിലെ നാടുവാഴി എന്നെ പിടിക്കുവാൻ ഇച്ഛിച്ചു. എന്നാൽ അവിടെയുള്ള വിശ്വാസികൾ എന്നെ കിളിവാതിലിലൂടെ ഒരു കൊട്ടയിൽ ഇറക്കി വിട്ടു" (11:32,33). നിങ്ങൾ ഒരു അപ്പൊസ്തലനാണെങ്കിൽ ഇതുപോലെ ലജ്ജാകരമായ കാര്യം ആരും അറിയരുതെന്നല്ലേ ആഗ്രഹിക്കുക? താൻ ഒരു വലിയ മനുഷ്യനാണ്, തന്നെ രക്ഷിക്കുവാൻ ദൈവം ദൂതന്മാരെ അയയ്ക്കും എന്ന തരത്തിലുള്ള ധാരണ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കു ഒരിക്കലും നൽകരുതെന്നാണ് പൗലൊസ് കരുതിയത്. അദ്ദേഹം ഒരു സാധാരണ മനുഷ്യനായിരുന്നു. തന്നെ ഉള്ളതുപോല അറിയണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു "താൻ ആയിരിക്കുന്നതിനു മീതെ ആരും തന്നെ കുറിച്ചു നിരൂപിക്കരുത്" (2കൊരി. 12:6). തങ്ങൾ ആയിരിക്കുന്നതിനേക്കാൾ ഉയർന്ന ധാരണ മറ്റുള്ളവർക്കു നൽകുവാൻ ശ്രമിക്കുന്ന ഇന്നുള്ള പല ദൈവദാസന്മാരിൽ നിന്നും പൗലൊസ് എത്ര വ്യത്യസ്തനായിരുന്നു! *(തുടരും)*

(മൊഴിമാറ്റം : **സാജു ജോസഫ്**)

അദ്ധ്യായം 19

# കൃപമേൽ കൃപ

ആനി പുന്നൻ

**വിവാഹ** ജീവിതത്തിലേക്കു പ്രവേശിച്ച ക്രിസ്തീയ യുവതി എന്ന നിലയിൽ എന്റെ ജീവിതത്തിലെ പല തിന്മകളെക്കുറിച്ചും ദൈവം എനിക്കു വെളിച്ചം നൽകിയ കാര്യം കഴിഞ്ഞ ലക്കത്തിൽ വിവരിച്ചിരുന്നല്ലോ.

എന്റെ ജീവിതത്തിലെ മറ്റൊരു 'വില്ല'നായിരുന്നു *അരക്ഷിതബോധം*. ഇതു പല നിലകളിലാണു പ്രകടമായത്. എന്റെ വസ്തുവകകളെയും സുഹൃത്തുക്കളെയും മറ്റാർക്കും വിട്ടുകൊടുക്കാതെ മുറുകെപ്പിടിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് എന്റെ ഈ സുരക്ഷിതബോധമില്ലായ്മയാണെന്ന് എനിക്കു വൈകിയാണു മനസ്സിലായത്. മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാൻ ഞാൻ അങ്ങേയറ്റം ആശിച്ചു. എന്റെ സ്നേഹിതകൾ മറ്റാരോടെങ്കിലും സ്നേഹം കാട്ടിയാൽ നീരസപ്പെടുന്ന തലത്തിലേക്ക് അതെന്നെ കൊണ്ടു ചെന്ന് എത്തിച്ചു. അവരുടെ സ്നേഹവും സൗഹൃദവും എനിക്കുവേണ്ടി മാത്രമുള്ളതായിരിക്കണമെന്നു ഞാൻ വാഞ്ഛിച്ചു. ഞാൻ ഹോസ്റ്റലിൽ ആയിരുന്ന കാലത്തു തന്നെ എന്നിൽ ഈ മനോഭാവം ഉണ്ടായിരുന്നു. ഇതു തെറ്റാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ എനിക്ക് അതു സംബന്ധിച്ചു ഫലപ്രദമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല.

വിവാഹത്തിനു ശേഷം പ്രകാശിനെ സ്വന്തമാക്കുന്ന കാര്യത്തിൽ ഈ മുറുകെപ്പിടിക്കുന്ന മനോഭാവം തലപൊക്കുന്നതു ഞാൻ തിരിച്ചറിഞ്ഞു. പ്രകാശിന്റെ ബന്ധുക്കൾ പോലും അദ്ദേഹത്തോട് അടുത്തു പെരുമാറുന്നത് എനിക്കു സഹിപ്പാൻ കഴിയുമായിരുന്നില്ല. പ്രകാശ് ഇപ്പോൾ എന്റെ സ്വന്തമാണെന്നു പറഞ്ഞ് എനിക്ക് ഈ മനോഭാവത്തെ ന്യായീകരിക്കാമായിരുന്നു. എന്നാൽ എന്റെ ഈ മനോഭാവം തെറ്റാണെന്നു ഞാൻ കാണുവാൻ തുടങ്ങി. പ്രകാശ് എന്നെ വിവാഹം കഴിച്ചു എന്ന ഏക കാരണം കൊണ്ട് അദ്ദേഹത്തിന്റെ അമ്മ അദ്ദേഹത്തെ സ്നേഹിക്കുന്നത് അവസാനിപ്പിക്കണം എന്നു ഞാനെന്തിനു പ്രതീക്ഷിക്കണം? മറ്റുള്ളവർ എന്റെമേൽ സ്നേഹം ചൊരിയുന്നത് ഞാൻ ഏറെ ആസ്വദിക്കാറുണ്ട്. അപ്പോൾ ബന്ധുക്കളുടെ സ്നേഹം ആസ്വദിക്കുന്നതിൽ നിന്ന് പ്രകാശിനെ തടഞ്ഞാൽ അത് എത്ര വലിയ സ്വാർത്ഥതയായിരിക്കും! ഇതൊരു പക്ഷേ സ്ത്രീകളുടെ പ്രത്യേകത ആയിരിക്കാം. ഒരു ദൈവ പൈതലെന്ന നിലയിൽ ഞാൻ ഇതിനെ മറികടക്കണം.

സാധനങ്ങൾ വാങ്ങുന്നതിനുള്ള വലിയൊരു ത്വരയും ഞാൻ എന്നിൽ കണ്ടെത്തി. ഞാൻ പണം ചെലവാക്കുന്നതു പ്രകാശിന് ഇഷ്ടപ്പെടുകയില്ലെന്നു ഞാൻ കരുതി. അല്ലെങ്കിൽ

വീട്ടിൽ അത്യാവശ്യമുള്ളതെന്നു ഞാൻ ചിന്തിക്കുന്ന പലതിന്റെയും ആവശ്യകത പ്രകാശിനു ബോധ്യപ്പെടുകയില്ലെന്നു ഞാൻ സ്വയം തീരുമാനിച്ചു. ഇതിന്റെയൊക്കെ ഫലമായി ഞാൻ ചിലപ്പോഴൊക്കെ പ്രകാശിനോടു ചോദിക്കാതെ സ്വയം സാധനങ്ങൾ വാങ്ങുമായിരുന്നു. പക്ഷേ എന്റെ അറിവില്ലായ്മയും പരിചയക്കുറവും മുതലെടുത്തു പട്ടണത്തിലെ ആളുകൾ എന്നെ കബളിപ്പിക്കുമായിരുന്നു. അങ്ങനെ പ്രകാശിനെ കൂട്ടി ഷോപ്പിംഗ് നടത്തുന്നതും വിലപിടിച്ച സാധനങ്ങൾ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ വാങ്ങുന്നതുമാണു നല്ലതെന്നു ഞാൻ കണ്ടെത്തി.

പുതിയ ഫാഷനിലുള്ള വസ്ത്രങ്ങൾ പ്രകാശ് എനിക്കു വാങ്ങിക്കൊണ്ടു വന്നിരുന്നെങ്കിൽ എന്നു ഞാൻ ചിലപ്പോഴൊക്കെ ആഗ്രഹിച്ചു. പക്ഷേ ആളുകളെ പ്രീതിപ്പെടുത്തുന്നതിനുള്ള ത്വരയിൽ നിന്നാണ് ഇത്തരം ആഗ്രഹങ്ങളൊക്കെ ഉത്ഭവിക്കുന്നതെന്നു ഞാൻ കണ്ടെത്തി. ഞാൻ അതെക്കുറിച്ചു അനുതപിച്ചു. ലോക മയത്വത്തെ ഞാൻ അകറ്റി നിർത്തണം; ലോകത്തിന്റെ ഫാഷനുകളെയും. എന്നെക്കാൾ പാവപ്പെട്ടവരായ ആളുകളോട് എനിക്കുള്ളതു പങ്കിടാനും ഞാൻ പഠിക്കേണ്ടതുണ്ട്. അപ്പോൾ ദൈവം എനിക്ക് *ആവശ്യമുള്ളതെല്ലാം* – ഞാൻ *ആഗ്രഹിക്കുന്നതെല്ലാമല്ല* – എനിക്കു തരും.

ഞാൻ ചിലപ്പോൾ അമ്മാവിയമ്മയോട് ഒരു വിരോധം നിലനിർത്തുമായിരുന്നു. ദീർഘനാൾ അവരോടു സംസാരിക്കാതിരിക്കും എന്നെ ഉപദേശിക്കുന്നതിനോടും അവരുടെ വിമർശനാത്മകമായ അഭിപ്രായങ്ങളോടും എനിക്ക് ഇഷ്ടക്കേടു തോന്നുമ്പോഴാണു ഞാൻ അങ്ങനെ ചെയ്യുന്നത്. സത്യത്തിൽ എന്റെ മൗനം അമ്മാവിയമ്മയോടുള്ള എന്റെ പ്രതികാരമായിരുന്നു. അത്തരം നിശ്ശബ്ദത ചിലപ്പോൾ കോപിച്ചു പൊട്ടിത്തെറിക്കുന്നതിനെക്കാൾ മോശമാണെന്ന് എനിക്ക് ഇപ്പോഴറിയാം. ഈ പാപകരമായ സ്വഭാവത്തെ ജയിക്കുവാൻ എന്നെ സഹായിപ്പാൻ ഞാൻ കർത്താവിനോട് അപേക്ഷിച്ചു. കർത്താവിനോടൊപ്പമുള്ള എന്റെ ദൈനംദിന നടപ്പിൽ ഞാൻ അശ്രദ്ധയാകുമ്പോഴാണു ഞാൻ വീണു പോകുന്നതെന്നു ഞാൻ കണ്ടു. എന്റെ പാപം ബോധ്യമാകുമ്പോഴൊക്കെ എന്നോടു ക്ഷമിക്കണമെന്നു ഞാൻ കർത്താവിനോടും എന്റെ അമ്മാവിയമ്മയോടും അപേക്ഷിക്കുമായിരുന്നു.

എന്റെ അരക്ഷിതബോധം, ഭർത്താവിനെ മുറുകെപ്പിടിക്കുന്ന മനോഭാവം എന്നിവയുടെ ഭാഗമായി പ്രകാശിനോടു മറ്റു സ്ത്രീകൾ സംസാരിക്കുന്നതിൽ ഞാൻ അസൂയപ്പെടാൻ തുടങ്ങി. അദ്ദേഹത്തിനു സത്യത്തിൽ എന്നിലല്ലാതെ മറ്റാരിലും താത്പര്യമില്ലെന്ന് എനിക്കറിയാമായിരുന്നു. അദ്ദേഹത്തോളം വിശ്വസ്തത ആർക്കും പുലർത്തുവാൻ സാധ്യമല്ല. എന്നാലും എന്റെ സ്വന്തമാക്കുന്ന മനോഭാവം മൂലം എനിക്ക് അസൂയ തോന്നുവാൻ തുടങ്ങി. പ്രകാശിനെ ഇക്കാര്യത്തിൽ *തെറ്റായി കുറ്റപ്പെടുത്തുകയോ* തന്നെ *സംശയിക്കുകയോ* ചെയ്യുന്നതു അദ്ദേഹത്തിന്റെ ജീവിതം ദുസ്സഹമാക്കുമെന്നു കർത്താവ് എന്നെ പഠിപ്പിച്ചു.

എന്റെ പിതാവ് എന്റെ മമ്മിയോടു വിശ്വസ്തനല്ലായിരുന്നു എന്നത് എനിക്കറിയാമായിരുന്നു എന്നതു

കൊണ്ടാകാം ഞാൻ ഈ വിധത്തിൽ സംശയിച്ചത്! അല്ലെങ്കിൽ ഒരുപക്ഷേ എല്ലാ സ്ത്രീകളും ഇങ്ങനെയൊക്കെ യാവാം!

പക്ഷേ ഹോസ്പിറ്റലിൽ എത്രയോ പുരുഷന്മാരോടു ഞാൻ സംസാരിക്കാറുണ്ടെന്നു ഞാൻ ഓർത്തു. അതിൽ എന്താണു തെറ്റ്? ചുരുക്കത്തിൽ എന്റെ രീതിയിലാണു മാറ്റം വേണ്ടതെന്ന് എനിക്കു മനസ്സിലായി. പ്രകാശ് ഇക്കാലങ്ങളിലെല്ലാം എത്ര ക്ഷമയോട് എന്നോട് ഇടപെട്ടു!

ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ ഞാനും അമ്മയും കൂടി പോയി കണ്ട ആ സ്ത്രീ അമ്മയ്ക്കു നൽകിയ ഉപദേശം ഞാൻ ഓർത്തു. ഭർത്താവ് അവിശ്വസ്തനായാലും അദ്ദേഹത്തോടു ക്ഷമിച്ച് അദ്ദേഹത്തിനു യഥാർത്ഥ സ്നേഹം കാണിച്ചു കൊടുക്കണമെന്നാണ് അവർ പറഞ്ഞത്. അങ്ങനെ ചെയ്താൽ സ്നേഹത്തിന്റെ ശക്തി ഭർത്താവിനെ വീണ്ടും ഭാര്യയിലേക്ക് ആകർഷിക്കും - ഒരു കാന്തത്തോട് ഇരുമ്പ് ആകർഷിക്കുമ്പോലെ. അങ്ങനെ പരിജ്ഞാനമുള്ള ഒരു ഭാര്യക്കു തന്റെ ഭർത്താവിനെ പല പടുകുഴികളിൽ വീഴുന്നതിൽ നിന്നു രക്ഷിക്കാൻ കഴിയും.

അർബുദ രോഗത്താൽ മരിക്കാറായ ഒരു മനുഷ്യനെ ഒരു ദിവസം ആശുപത്രിയിൽ പ്രവേശിപ്പിച്ചതു ഞാൻ ഓർക്കുന്നു. ഇയാൾ കുടുംബത്തെ പിരിഞ്ഞു മറ്റൊരു നഗരത്തിൽ ജോലി ചെയ്യുമ്പോൾ അയാൾക്കു മറ്റൊരു സ്ത്രീയിൽ ഒരു കുട്ടിയുണ്ടായി എന്നാണു ഞാൻ കേട്ടിരുന്നത്. എന്നാൽ ഇയാളുടെ ഭാര്യ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരുന്നു. അവർ, ഭർത്താവു സുഖമില്ലാതായപ്പോൾ അദ്ദേഹത്തെ ഞങ്ങളുടെ ഹോസ്പിറ്റലിലേക്കു കൊണ്ടുവരികയും മരണം വരെ ഏറെ ത്യാഗം സഹിച്ച് അദ്ദേഹത്തെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുകയും ചെയ്തു. തുടർന്നു ഭർത്താവിന്റെ മരണശേഷം അവർ തന്റെ ഭർത്താവിനു കുഞ്ഞിനെ പ്രസവിച്ച ആ സ്ത്രീയെ കണ്ടുപിടിച്ച് അവരുമായി സൗഹൃദത്തിലായി. എന്തിനേറെ, ആ കുഞ്ഞിനെ അവർ ദത്തെടുത്തു സ്വന്തം കുട്ടിയായി വളർത്താൻ തുടങ്ങി. തന്റെ ഭർത്താവിന്റെ കുഞ്ഞായതിനാൽ തനിക്ക് ആ കുഞ്ഞിനെ സ്നേഹിക്കാതിരിക്കാനാവില്ല എന്നാണവർ മറ്റുള്ളവരോടു പറഞ്ഞത്. ദൈവത്തിനു മാത്രമേ വാസ്തവത്തിൽ ഇങ്ങനെ ഒരത്ഭുതം ചെയ്യുവാൻ കഴിയൂ- ഒരു സ്ത്രീയെ ഇത്രയേറെ സ്നേഹവതിയും ക്ഷമാശീലയുമാക്കാൻ.

ഇത്തരം മികച്ച ഉദാഹരണങ്ങൾ എന്റെ ഭർത്താവിനെ ത്യാഗപരമായി സ്നേഹിക്കുന്ന ഒരു ഭാര്യയായിരിക്കാൻ എന്നെ വെല്ലുവിളിച്ചു.

*അവസാനം വരെ സ്നേഹത്തിൽ തന്നെ തുടരുക*യെന്നതാണു വിവാഹജീവിതത്തിൽ ഏറ്റവും അത്യാവശ്യം എന്നു ഞാൻ പഠിച്ചു. ഭർത്താവിന്റെ പോരായ്മകൾ, പരാജയങ്ങൾ എന്നിവയെ സ്നേഹം മറയ്ക്കുന്നു. അദ്ദേഹത്തിന്റെ കുറവുകൾക്കു നേരെ കണ്ണടയ്ക്കുന്നു. അദ്ദേഹത്തിന്റെ കഴിഞ്ഞകാല പാപങ്ങളെ മനസ്സിൽ കുടിവയ്ക്കുന്നില്ല.

ഓരോ തവണ സ്നേഹത്തിന്റെ അധ്യായം (1കൊരിന്ത്യർ 13) വായിക്കുമ്പോഴും ഞാൻ ദയനീയമാം വണ്ണം ദൈവത്തിന്റെ നിലവാരത്തിനു വളരെ താഴെയാണെന്നും ഏറെ ദൂരം ഞാൻ മുന്നോട്ടു പോകേണ്ടതുണ്ടെന്നും എനിക്കു തോന്നും.

ഈ ഇരുണ്ട ലോകത്തു കാണാവുന്ന ഓരേയൊരു പ്രകാശം ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹമാണ്. ദൈവം എന്നെ ഏറ്റവും കൂടുതൽ സ്നേഹിച്ചു. അങ്ങനെ അവിടുന്ന് എന്നെ എനിക്കു ചുറ്റുമുള്ള എല്ലാവരോടും കടപ്പാടുള്ളവളാക്കി. എന്റെ പാതയിൽ കണ്ടുമുട്ടുന്ന എല്ലാവരോടും അവിടുത്തെ സ്നേഹം പങ്കിടാൻ എന്നെ ബാധ്യസ്ഥയാക്കി.

സ്വന്ത പുത്രനെ ആദരിക്കാതെ എനിക്കു വേണ്ടി തന്ന സ്വർഗ്ഗീയ പിതാവ് എനിക്കു ജീവിതത്തിൽ ഉടനീളം വേണ്ടതെല്ലാം സൗജന്യമായി തരുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. എനിക്കു ലഭിച്ച രക്ഷ എത്ര അത്ഭുതകരമാണ്!

ഞാൻ ജീവിതത്തിൽ ആദ്യം പുറന്തള്ളപ്പെട്ടവളായിരുന്നു. എന്നാൽ ഇന്നു ഞാൻ ദൈവത്തിൽനിന്ന് ഏറെ കൃപ അനുഭവിക്കുന്നു. ഇന്ന് ഈ ലോകം മുഴുവൻ തിരഞ്ഞാലും എന്നെക്കാൾ സന്തുഷ്ടയായ ഒരാളെ കണ്ടെത്തുമോ എന്നു ചിലപ്പോഴൊക്കെ ഞാൻ സ്വയം അത്ഭുതപ്പെടുമായിരുന്നു!

എനിക്കെങ്ങനെ ഇത്ര സന്തോഷവതിയായിരിക്കാൻ കഴിയുമെന്നു ചിലരെങ്കിലും അത്ഭുതപ്പെടുന്നുണ്ടായിരിക്കും. കാരണം സ്വന്തം എന്നു പറയാൻ എനിക്കൊരു വീടില്ല. ഞാൻ എന്റെ ഭർത്താവിന്റെ മാതാപിതാക്കളോടൊപ്പമാണു കഴിയുന്നത്! ഇതിനെല്ലാം ഇടയിലും സന്തുഷ്ടയായിരിക്കാൻ എനിക്കു കഴിഞ്ഞതിന് ഒരു കാരണമേയുള്ളു - ഞാൻ എന്റെ സന്തോഷം കർത്താവിലാണ് (സാഹചര്യങ്ങളിലല്ല) കണ്ടെത്തിയത്. തൃപ്തിയോടുകൂടിയ ദൈവഭക്തി ഒരു വലിയ ആദായമാണല്ലോ.

ജീവിതത്തിൽ ഒരിക്കലും സന്തോഷം ഇല്ലാത്ത പല ക്രിസ്ത്യാനികളെ ഞാൻ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ കാരണം എനിക്കറിയാം. ഭൗതിക ആഗ്രഹങ്ങളുടെ പെരുപ്പം അവരെ അസംതൃപ്തരാക്കിയിരിക്കുന്നു. തങ്ങൾക്ക് ഒരു കാര്യം അല്ലെങ്കിൽ മറ്റൊന്നു സ്വന്തമായുണ്ടായിരിക്കണം എന്നവർ ആഗ്രഹിക്കുന്നു. അതില്ലാതെ അവർക്കു ജീവിക്കാൻ വയ്യ. ഈ മനോഭാവം മൂലം അവർ എപ്പോഴും അസ്വസ്ഥരാണ്!

ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ദിവസം ഞാനെന്താണു കർത്താവിനോടു പറഞ്ഞതെന്നു ഞാൻ വ്യക്തമായി ഓർക്കുന്നുണ്ട്- "ഇന്നു മുതൽ യേശു കർത്താവേ ഞാൻ ഭൂമിയിൽ നിന്നെയല്ലാതെ മറ്റൊന്നും ആഗ്രഹിക്കുകയില്ല" (സങ്കീർത്തനം 73:25). ഞാൻ എന്റെ വാക്കു പാലിച്ചോ എന്നു ഞാൻ ചിലപ്പോഴൊക്കെ എന്റെ ഹൃദയത്തെ ശോധന ചെയ്യാറുണ്ട്. ഇതുവരെ ദൈവം എന്നെ സൂക്ഷിച്ചു. ഈ സമർപ്പണത്തിൽ ജീവിതത്തിന്റെ അവസാനം വരെ അവിടുന്ന് എന്നെ സൂക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ പേരു പോലെയായിരുന്നു എന്റെ അനുഭവം. 'ഞാൻ കൃപമേൽ കൃപ' കണ്ടെത്തി.

ഞാൻ എല്ലാ മാനവും മഹത്വവും കർത്താവായ യേശുവിനു മാത്രം നൽകാൻ ആഗ്രഹിക്കുന്നു.

"കർത്താവേ, യേശുവേ, പൂർണമായ്
അർപ്പിക്കുന്നു, കുമ്പിടുന്നു.
കാൽവറിയിൽ വില നൽകി എന്നെ
വാങ്ങിയല്ലോ
ഞാനിന്നു നിന്റേത്, നിന്റെ മാത്രം എന്നെന്നും
നീ മാത്രം നിത്യതയിലും എന്റെ പങ്ക്."

(*അവസാനിച്ചു*)

(മൊഴിമാറ്റം : **സാന്ദ്ര**)

## ബൈബിൾ: നാം അറിയേണ്ട വസ്തുതകൾ - 2

# ശാസ്ത്രവും ബൈബിളും

ഫ്രാങ്ക് കോയിസ്ട്ര

**യേശുക്രിസ്തുവിന്റെ** ജനനത്തിനു മുമ്പ് യിസ്രയേലിന്റെ പ്രവാസ കാലത്തിൽ ഉടലെടുത്ത 14 പുസ്തകങ്ങളുടെ ഒരു സമാഹാരമാണ് 'അപ്പോക്രിഫ' എന്ന് അറിയപ്പെടുന്നത്. ഈ പുസ്തകങ്ങൾ ദൈവനിശ്വാസീയമല്ലെന്നും, അതിനാൽ കാനോനികമായി അംഗീകരിക്കുവാൻ കഴിയില്ലെന്നുമായിരുന്നു യഹൂദന്മാരുടെ അഭിപ്രായം. എന്നാൽ, ട്രെന്റിലെ (A.D. 1546) സുന്നഹദോസിനു ശേഷം റോമൻ കത്തോലിക്കാ സഭയും കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിനു ശേഷം (A.D. 1638) ഗ്രീക്ക് ഓർത്തഡോക്സ് സഭയും അപ്പോക്രിഫാ ഗ്രന്ഥങ്ങൾ മറ്റ് 66 പുസ്തകങ്ങൾ പോലെ തന്നെ ദൈവനിശ്വാസീയവും കാനോനികവുമാണെന്ന് അഭിപ്രായപ്പെട്ടു. 1611ലെ ജയിംസ് രാജാവിന്റെ ആധികാരിക പരിഭാഷയിൽ അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 1666 വരെയുള്ള അതിന്റെ പതിപ്പുകളിൽ അതു തുടർന്നിരുന്നു.

ഏകദേശം 1560-ൽ പ്രസിദ്ധീകരിച്ച 'ജനീവ ബൈബിൾ' ആയിരുന്നു അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്താത്ത ആദ്യത്തെ ഇംഗ്ലീഷ് ബൈബിൾ. എന്തുകൊണ്ടാണ് പല ബൈബിളുകളിലും അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിക്കാതിരുന്നത് എന്നത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്: (1) നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷാ വേളയിൽ അവിടുന്നു ഉല്പത്തി മുതൽ മലാഖി വരെയുള്ള ഗ്രന്ഥങ്ങളിൽ നിന്നുള്ള വചനങ്ങൾ എടുത്തുദ്ധരിച്ചിട്ടുണ്ട്? എന്നാൽ ഒരിക്കൽപോലും ഈ 14 അപ്പൊക്രിഫാ ഗ്രന്ഥങ്ങളെ അവിടുന്ന് പരാമർശിച്ചിട്ടില്ല.

(2) പുതിയനിയമ എഴുത്തുകാരിൽ ആരും അപ്പോക്രിഫാ ഗ്രന്ഥങ്ങളെക്കുറിച്ചു യാതൊരു സൂചനയും നൽകിയിട്ടില്ല. യൂദായുടെ ലേഖനത്തിൽ സംശയകരമായ ഒരു പരാമർശം ഉണ്ടെന്നത് അംഗീകരിക്കുന്നു. മക്കാബിയരുടെ പുസ്തകം കാനോനിക നിയമങ്ങൾ അനുസരിച്ചുള്ളതല്ല എന്നു പരക്കെ വിശ്വസിക്കുന്നു.

ബൈബിൾ വായനയും ധ്യാനവും വളരെ പ്രാധാന്യമുള്ള കാര്യങ്ങളാണ്. റോമർ 10:17-ന്റെ അടിസ്ഥാനത്തിൽ, വിശ്വാസം ശക്തിപ്പെടുന്നത് ദൈവവചനത്തിന്റെ കേൾവിയാലാണെന്നു മനസ്സിലാക്കാം. ദൈവവചനത്തെ സംശയിക്കുന്നതു വളരെ ഗൗരവത്തോടെ നാം കാണണം. എന്തെന്നാൽ ഒരിക്കൽ സംശയ

ത്തിനു കീഴടങ്ങുന്ന ഒരുവൻ വീണ്ടും വീണ്ടും അതിന്റെ ഇരയായിത്തീരാം.

തലമുറകൾ വഴി കൈമാറി വന്നിരുന്ന വിശുദ്ധ ഗ്രന്ഥത്തിന്റെ ചുരുളുകളെ (നമ്മുടെ പഴയനിയമം) യഹൂദജാതി വളരെ ഭക്തിയോടും വീറോടുമാണ് കാത്തു സൂക്ഷിച്ചിരുന്നത്. ഇന്നുള്ള യഥാസ്ഥിതിക യഹൂദസമൂഹവും ദൈവം വെളിപ്പെടുത്തിയ തിരുവചനത്തെ അവിടുന്നു തന്നെ സംരക്ഷിക്കുന്നതായി ഉറച്ചു വിശ്വസിക്കുന്നു. പുതിയനിയമ തിരുവെഴുത്തുകളെക്കുറിച്ചു സമാനമായ ഒരു ഉറപ്പു ക്രിസ്ത്യാനികളായ നമുക്കുണ്ടോ? നമ്മുടെ കൈവശം വചനത്തിന്റെ പാപ്പിറസ് ചുരുളുകൾ ഇന്നില്ല; തീർച്ചയായും യഹൂദന്മാരുടെ കൈവശവും തിരുവെഴുത്തുകളുടെ മൂലകൃതി ഇന്നു ലഭ്യമല്ല. എന്നാൽ അപ്പൊസ്തലന്മാരുടെ കാലഘട്ടത്തിനോട് ഏറ്റവും അടുത്തുള്ള സമയങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള അസംഖ്യം പുരാതന ലിഖിതങ്ങൾ ഇന്നു നമ്മുടെ കൈവശമുണ്ട്. പഴയനിമവും പുതിയനിയമവും, തമ്മിലുള്ള സമ്പൂർണ്ണമായ പൊരുത്തത്തിന്റെ അടിസ്ഥാനത്തിൽ ദൈവം തന്റെ വചനമായ 'ബൈബിളിനെ' പൂർണ്ണമായും സംരക്ഷിച്ചുവെന്നു നമുക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും.

എന്നാൽ, ആധുനിക പണ്ഡിതന്മാർ മുഴു ബൈബിളിനു നേരെയും ആക്രമണം അഴിച്ചു വിട്ടുകൊണ്ടിരിക്കുന്നു. ബൈബിൾ മുഴുവനും തെറ്റുകളും വൈരുദ്ധ്യങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നുവെന്നും ഇതിലെ ആശയങ്ങൾ ആധുനിക മനുഷ്യന്റെ അറിവുകളെ അപമാനിക്കുന്നതാണെന്നു മൊക്കെ ഇക്കൂട്ടർ വാദിക്കുന്നു. പ്രപഞ്ചഘടനാ ശാസ്ത്രത്തിന്റെയും കാലനിർണയത്തിന്റെയും അടിസ്ഥാനത്തിൽ ബൈബിൾ തെറ്റാണെന്നു ശാസ്ത്രം തെളിയിച്ചരിക്കുന്നുവെന്നു ചിലർ പറയുന്നു. ഉദാഹരണത്തിന്, ഭൂമി പരന്നതല്ലെന്നും അതിന്റെ ആയുസ്സ് 6000 വർഷങ്ങളിൽ കൂടുതലാണെന്നും ശാസ്ത്രം കണ്ടെത്തിയതായി നാം കേൾക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബൈബിളിലെ ചില ഭാഗങ്ങൾ വിശ്വസനീയമല്ലെന്ന് ആധുനിക ശാസ്ത്രം തെളിയിച്ചതായി ചിലർ ആരോപിക്കാറുണ്ട്. എന്നാൽ ഇവയെല്ലാം തെറ്റായ ആരോപണങ്ങളാണ്. ഭൂമി പരന്നതാണെന്നോ അതിന് 6000 വർഷങ്ങളുടെ പഴക്കമേയുള്ളുവെന്നോ ബൈബിളിൽ ഒരിടത്തും കാണുന്നില്ല. എന്നാൽ യെശയ്യ. 40:22ൽ 'ഭൂമണ്ഡലത്തിനു മീതേ' (above the circle of earth) എന്നെഴുതിയിരിക്കുന്നതു ഭൂമി ഉരുണ്ടതാണെന്നു തന്നെ ബൈബിളിലും കാണുന്നുവെന്നതിന്റെ തെളിവായി കണക്കാക്കാം. ഇയ്യോബ് 26:7-ൽ 'ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു' എന്നത്, ഭൂമി ശൂന്യതയിൽ നിൽക്കുന്നുവെന്നതു ബൈബിൾ വ്യക്തമാക്കുന്നതിന്റെ തെളിവായിക്കാണാം.

ബൈബിൾ, ഭൂമിയുടെ പ്രായത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ. 1:1) എന്ന് ബൈബിളിൽ കാണുന്നു. ആദിയിൽ എന്നതു സമയത്തെക്കുറിക്കുന്ന ഒരു വാക്കാണ്. സ്രഷ്ടാവായ ദൈവം നിത്യനാണ്. എന്നാൽ 'സമയം' എന്നുള്ള ചുരുങ്ങിയ കാലത്തേക്കുള്ള ഒരു പ്രതിഭാസത്തെ അവിടുന്ന് ഈ നിത്യതയിൽ ഉൾപ്പെടുത്തി. 'സമയം' ഉൾപ്പെടെ സകലവും സൃഷ്ടിക്കപ്പെട്ടത് കർത്താവായ യേശുക്രിസ്തുവിനാലാണ് (എബ്രാ.

1:2, കൊലൊ. 1:16). അവിടുന്നാണ് അതിന്റെ ഒടുക്കം വരെ അതിനെ നിയന്ത്രിക്കുന്നത് (1കൊരി. 15:24–28). സമയത്തിന്റെ (കാലത്തിന്റെ) തുടക്കമെന്നാണെന്ന് ഒരു മനുഷ്യനും അറിയില്ല. എന്നാൽ കാലത്തിന്റെ തുടക്കത്തിൽ ദൈവം ഭൂമിയെ സൃഷ്ടിച്ചു. അതു പൂർണ്ണതയുള്ളതായിരുന്നു. പലപ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്ന ഈ സത്യം യെശയ്യാവ് 45:18–ൽ വ്യക്തമാക്കിയിട്ടുണ്ട്. കുഴഞ്ഞു മറിഞ്ഞ അവസ്ഥയിലുള്ള ഒരു ഭൂമിയെയല്ല ദൈവം സൃഷ്ടിച്ചതെന്നു നാം അവിടെ കാണുന്നു. ഉല്പത്തി 1:2–ൽ ഉള്ള പാഴും ശൂന്യവുമായ അവസ്ഥ പിന്നീട് ഉണ്ടായതാണ്. ദൈവത്തിന്റെ സൃഷ്ടിപ്പിൽ അങ്ങനെയല്ലായിരുന്നു. നമ്മുടെ ദൈവം അപൂർണ്ണതയോടുകൂടി യാതൊന്നും സൃഷ്ടിക്കില്ല.

ഭൂമിയുടെ തകർച്ചയ്ക്കു കാരണമെന്തെന്നതിനെക്കുറിച്ചു ചില ഊഹങ്ങൾ നടത്തുവാനേ നമുക്കാവുകയുള്ളു. ചിലപ്പോൾ അതു ലൂസിഫറിന്റേയും (പിശാച്) അവന്റെ സംഘത്തിന്റെയും വീഴ്ചയുടെ ഫലമായിട്ട് സംഭവിച്ചതാകാം (യെശ. 14:12–17). ഭൂമിക്കു ചിലപ്പോൾ ദശലക്ഷക്കണക്കിന് വർഷങ്ങളുടെ പഴക്കം ഉണ്ടാകാം. മനുഷ്യന്റെ ചരിത്രത്തെക്കുറിച്ചു ബൈബിൾ നൽകുന്ന കണക്കുകൾ അതിനാൽ ഭൂമിയുടെ പ്രായക്കൂടുതലിന് എതിരായി നിൽക്കുന്നില്ല. ഇക്കാര്യത്തിലും ബൈബിളിന് തെറ്റിയിട്ടില്ല. പുസ്തകങ്ങളുടെ പുസ്തകമെന്നറിയപ്പെടുന്ന ബൈബിൾ ഒരു പഴഞ്ചൻ പുസ്തകമല്ല. ഒരു ശാസ്ത്രപുസ്തകമല്ലാതിരുന്നിട്ടും അതു തത്ത്വജ്ഞാനിക്കും ശാസ്ത്രജ്ഞനും ആധുനിക പണ്ഡിതന്മാർക്കുമൊക്കെ മുകളിൽ സ്ഥിതി ചെയ്യുന്നു.

ഉല്പത്തി പുസ്തകത്തിലെ ആദ്യത്തെ പതിനൊന്ന് അദ്ധ്യായങ്ങൾ 'പുരാണ'ങ്ങളാണെന്നു ചിലർ പറയുന്നു. അതായത്, സൃഷ്ടിപ്പും ജലപ്രളയവുമൊക്കെ ബാബിലോണ്യ പുരാണങ്ങളിൽ നിന്നും കടമെടുത്തവയാണെന്നാണ് ഇക്കൂട്ടർ കരുതുന്നത്. ഉല്പത്തിപ്പുസ്തകത്തിന്റെ എഴുത്തുകാർക്കു ജീവപരിണാമത്തെക്കുറിച്ച് അറിവില്ലാതിരുന്നതിനാൽ ബാബിലോന്യ പുരാണങ്ങളിൽ കാണുന്ന സൃഷ്ടി വിവരണത്തെ അംഗീകരിക്കുകയാണുണ്ടായതെന്ന് ഇവർ വാദിക്കുന്നു. ഉല്പത്തിയിലെ സൃഷ്ടിവിവരണത്തെ അസംബന്ധമെന്നു വിളിക്കുന്ന ആധുനിക ശാസ്ത്രം, താഴ്ന്ന ജീവി വർഗ്ഗങ്ങളിൽ നിന്നു പരിണമിച്ചാണ് മനുഷ്യനുണ്ടായതെന്ന പരിണാമ വാദത്തെ പ്രചരിപ്പിക്കുന്നു. എന്നാൽ, പണ്ഡിതന്മാരുടെ ഈ അവകാശവാദങ്ങൾക്കു യാതൊരു അടിസ്ഥാനവുമില്ല. അവ തെളിയിക്കുവാൻ ആർക്കും ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. എന്നാൽ, യഥാർത്ഥ്യബോധത്തോടെ മനുഷ്യനെ വിലയിരുത്തുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കുവാൻ കഴിയുന്നത്, ശാരീരികമായും മനഃശാസ്ത്രപരമായും ധാർമ്മികമായും മനുഷ്യൻ മറ്റേതൊരു ജീവിവർഗ്ഗത്തെക്കാളും തികച്ചും വ്യത്യസ്തനാണെന്നാണ്. സത്യത്തിൽ ഈ ഓരോ മേഖലയിലും നിലനിൽക്കുന്ന അന്തരം, ഒരു താരതമ്യ പഠനത്തെ തികച്ചും ദുഷ്കരമാക്കുന്നു.

മനുഷ്യനും മറ്റു ജീവി വർഗ്ഗങ്ങളും തമ്മിലുള്ള നികത്തുവാനാകാത്ത ചില വ്യത്യാസങ്ങളെക്കുറിച്ച് ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. ശരീരഘടനയോടുള്ള ബന്ധത്തിൽ വിരലടയാളത്തിന്റെ കാര്യമെടുക്കാം.

ഇതു മനുഷ്യന്റെ ഒരു പ്രത്യേകതയാണ്. രണ്ടു വ്യക്തികളുടെ വിരലടയാളങ്ങൾ ഒരിക്കലും സമാനമായിരിക്കില്ലെന്നും, അതിനെ വിരലിൽ നിന്നു മായിച്ചു കളയുവാനാവില്ലെന്നും ശാസ്ത്രം പറയുന്നു. വിരലടയാളത്തിന്റെ ഈ രഹസ്യത്തെ ബൈബിൾ വിശദമാക്കുന്നത് നോക്കുക (ഇയ്യോബ് 37:7): “സൃഷ്ടിച്ച മനുഷ്യരൊക്കെയും അറിവാന്തക്കവണ്ണം അവൻ സകല മനുഷ്യരുടെയും കൈ മുദ്രയിടുന്നു.” മനുഷ്യന്റെ ശരീരഘടന മറ്റേതൊരു മൃഗത്തിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

ജീവശാസ്ത്രപരമായ വളരെ അത്ഭുതാവഹമായ ചില വ്യത്യാസങ്ങൾ മനുഷ്യനും മറ്റു ജീവികളും തമ്മിലുണ്ട്. മറ്റു മൃഗങ്ങളുടെ കോശങ്ങളിൽ നിന്നും വ്യത്യസ്തമായ ദശലക്ഷക്കണക്കിനു കോശങ്ങൾ ചേർന്നതാണ് മനുഷ്യശരീരമെന്നു വൈദ്യശാസ്ത്രം വെളിപ്പെടുത്തുന്നു. കുരങ്ങിന്റെ രക്തം മനുഷ്യന്റെ രക്തത്തോടു സമാനമായതാണെന്നു ശാസ്ത്രം പറയുന്നു. എന്നാൽ ഒരു ബ്ലഡ് ബാങ്കിലും മനുഷ്യരക്തത്തിനു പകരമായി കുരങ്ങിന്റെ രക്തം സൂക്ഷിക്കുന്നില്ല. മറ്റേതെങ്കിലും ജീവിയുടെ രക്തം മനുഷ്യരക്തത്തിൽ കലർത്തുവാനാകുമെന്ന് കരുതാനാവില്ല. മനുഷ്യജാതിയെ ദൈവം ഒരുവനിൽ നിന്നുമാണ് ഉളവാക്കിയതെന്ന് ബൈബിൾ പറയുന്നു (അ.പ്ര. 17:26). 1 കൊരി. 15:39-ൽ നാലു വ്യത്യസ്ത തരത്തിലുള്ള മാംസങ്ങളെക്കുറിച്ചു പറയുന്നുണ്ട്. മനുഷ്യരുടെ മാംസം, മൃഗങ്ങളുടെ മാംസം, പക്ഷികളുടെ മാംസം, മത്സ്യങ്ങളുടെ മാംസം. സൃഷ്ടിപ്പിൽ ദൈവം ഇവയെ വെവ്വേറെ മാംസങ്ങളോടുകൂടിയാണ് സൃഷ്ടിച്ചത് (ഉല്പ. 1:20-27 കാണുക). ഒരിക്കലും മാറ്റുവാൻ കഴിയാത്ത അതിർവരമ്പുകളാണ് ഇവയ്ക്കിടയിൽ ദൈവം ഇട്ടിരിക്കുന്നത്.

ജൈവപരിണാമത്തെക്കുറിച്ചുള്ള ഏതൊരു സിദ്ധാന്തത്തെയും ബൈബിൾ പാടേ തള്ളിക്കളയുന്നു. ബൈബിൾ തെറ്റാണെന്നു തെളിയിക്കുവാനുള്ള പരിശ്രമമാണ് പലപ്പോഴും ശാസ്ത്രം നടത്തുന്നത്. പരിണാമസിദ്ധാന്തമെന്ന ദൈവദൂഷണത്തെ പ്രചരിപ്പിക്കുന്ന ആധുനിക ശാസ്ത്രകാരന്മാർ ദൈവത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്. സൃഷ്ടിപ്പിന്റെ അദ്ധ്യായങ്ങളിൽ ജീവന്റെ ഉല്പത്തിയെക്കുറിച്ചു വളരെ കൃത്യമായ വിശദീകരണങ്ങൾ ബൈബിൾ നൽകുന്നുണ്ട്. മത്തായി 19:4ൽ യേശുക്രിസ്തു ഉല്പത്തിയിലെ സൃഷ്ടിപ്പിനെക്കുറിച്ചുള്ള വിശദീകരണങ്ങളെ ശരിവയ്ക്കുന്നതായി കാണാം. സൃഷ്ടിപ്പിന്റെ വേലയിൽ കർത്താവും സന്നിഹിതനായിരുന്നതിനാൽ അവിടുത്തേക്ക് അതിനെക്കുറിച്ച് ഉറപ്പിച്ചു പറയുവാൻ കഴിയും (കൊലൊ. 1:16). 1 തിമൊ. 2:13ൽ ആദാമിനെയും ഹവ്വായെയും രണ്ടു വ്യക്തികളായി ദൈവം സൃഷ്ടിച്ചുവെന്നു പൗലൊസ് ചൂണ്ടിക്കാണിക്കുന്നു.

മനുഷ്യനും മറ്റു ജീവിവർഗ്ഗങ്ങളും തമ്മിൽ മനഃശാസ്ത്രപരമായും വളരെയധികം വ്യത്യാസങ്ങൾ ഉണ്ട്. മനുഷ്യമനസ്സുമായി മൃഗങ്ങളുടെ ജന്മവാസനയെ തുലനം ചെയ്യുവാൻ പോലും കഴിയില്ല. ഒരു ക്വാഡ്രില്ല്യൻ (ഇരുപത്തഞ്ചക്ക സംഖ്യ) വിവരശകലങ്ങൾ സൂക്ഷിച്ചു വെക്കുവാൻ മനുഷ്യ മസ്തിഷ്കത്തിനു സാധിക്കുമെന്നാണ് ഒരു ഗവേഷകന്റെ അഭിപ്രായം. ധാർമ്മിക നിലയിലുള്ള വ്യത്യാസവും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മറ്റേതൊരു ജീവി

യിൽ നിന്നും വ്യത്യസ്തമായി മനുഷ്യനിൽ ദൈവദത്തമായ ഒരു മനസ്സാക്ഷിയുണ്ട്. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം ക്രിസ്തുവാണെന്നു ബൈബിൾ വ്യക്തമാക്കുന്നു (യോഹ. 3:3). കൂടാതെ, നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ ദൈവം വച്ചിരിക്കുന്നു വെന്നു ബൈബിൾ പറയുന്നു (സഭാപ്രസംഗി 3:11). ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന് ശേഷം അവന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ തന്നെ മനുഷ്യന്റെ ഹൃദയത്തിൽ ദൈവം നിത്യതയെ ആക്കി വെച്ചു വെന്ന് നമുക്കു ചിന്തിക്കാം. നിത്യനായ ദൈവത്തിന്റെ അനശ്വരമായ ജീവശ്വാസം മനുഷ്യനെയും അനശ്വരനായ ഒരു വ്യക്തിയാക്കിത്തീർത്തു. അതുകൊണ്ടു തന്നെ, മനുഷ്യന്റെ മരണത്തെക്കുറിച്ചു പറയുമ്പോൾ ബൈബിൾ ഉപയോഗിക്കുന്ന പദം വേർപാട് എന്നതാണ് – ഒന്നുകിൽ ശരീരത്തിൽ നിന്നുള്ള വേർപാട്, അല്ലെങ്കിൽ ദൈവത്തിൽ നിന്നുള്ള വേർപാട് (റോമർ 6:23, എഫെ. 2:1). പല വിധത്തിലുള്ള ഉത്തരവാദിത്തങ്ങൾ ദൈവം മനുഷ്യനെ ഏൽപ്പിച്ചിട്ടുണ്ട്!

(*തുടരും*)

(മൊഴിമാറ്റം : **ബോബി കുര്യൻ**)

Form IV (See Rule 8)

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL

| | | |
|---|---|---|
| 1. Place of Publication | : | KOTTAYAM |
| 2. Periodicity | : | MONTHLY |
| 3. Printer's Name | : | SUNNY VARGHESE |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 4. Publisher's Name | : | Sunny Varghese |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 5. Editor's Name | : | Geoji T. Samuel |
| Whether Citizen of India | : | Yes |
| Address | : | "Ardram"<br>C.A.C. Campus, Kumaranalloor P.O.<br>Kottayam - 16 |

6. Name address of the firm, who owns the News paper & holding more than one percent of the total capital.

Christian Fellowship Trust, Kottyam - 16

I, SUNNY VARGHESE hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Youth Section




# WHAT IS SIN?

Sandeep Poonen

**Question:**

Please help me understand what sin is? Can a sin for one person not be sin for another?

**Answer:**

This is a very important question for us to understand. So let me break it down as I see it:

**WHAT IS SIN?**

The clearest definition of sin is what I learned from my father. He pointed me to *Romans 3:23 – for all have sinned and fall short of the glory of God*. So, anything that does not meet the high standard of God's glory is sin. And from this, I conclude that:

a) **God is the One who defines what sin is, not us**. So sin is not based on culture, social consciousness, education, color of skin, etc. God alone defines sin.

b) **Anything below the glory of God is His unchanging definition of sin**. The death and resurrection of Jesus and His grace does not change the definition of sin. Mercy extended towards a murderer does not change the fact that he had killed someone. So also, we should not confuse the definition of sin from the solution to the problem of sin.

**ARE ALL SINNERS THE SAME?**

Sin has a vertical and a horizontal impact.

The vertical impact of sin is between us and God. *James 2:10* tells me this: *For whoever keeps the whole law and yet stumbles in one point, he has become guilty of all*. So it does not matter if I sinned once or someone else sinned 50 million times, we are all equally guilty before God.

The horizontal impact is where all sins are not equal. Very broadly, there are sins of thought (e.g. sexual lust) that do not directly hurt others, while sins of action (e.g. adultery) that directly hurt others. And the majority of sins hurt others down the line even if not directly.

**WHAT WAS THE PUNISHMENT FOR SIN?**

The truest punishment for sin is seen on the Cross of Jesus Christ. When Jesus hung on the cross, the sins of all of us were placed upon Him (2 Corinthians 5:21). And when the sinless Jesus (Hebrews 4:15) had sin put on Him, God the Father forsook Jesus and separated Himself from Jesus (Matthew 27:45-46).

No matter what visual pictures we have of hell, it really is just the place where God forsakes us completely and separates Himself completely from us. So Jesus experienced the reality of hell when He was forsaken by God the Father. And we will face the same fate if we are not cleansed of all sin.

**WHAT ABOUT THE AREAS WHERE PEOPLE DON'T KNOW WHAT SIN IS**

*Romans 4:14-15 - For if those who are of the Law are heirs, faith is made void and the promise is nullified; for the Law brings about wrath, but where there is no law, there also is no violation.*

This tells me that two people can do the same act, and for one it is sin but not for the other.

Let us take the practice of infant baptism. From my study of the Bible, it is crystal clear that baptism is something commanded by Jesus, so we must obey it. It is our **willful** commitment to once and for all burying our life of sin, and choosing the rest of our lives as ones resurrected to God's abundant grace. So baptism is a choice each must make and is symbolized by immersion. The problem with infant baptism is that it's not a choice made by the infant but by the parents (and parents cannot choose to follow Jesus on behalf of the children). Also, the symbol of baptism that accurately describes burial is IMMERSION in water and not sprinkling a few drops of water. We do not sprinkle dirt on a dead body; we completely cover the dead body with dirt.

But I know that there are some people who don't see it this way. I can't explain this, because to me it is crystal clear. To me, the practice of infant baptism does not live up to God's standard in His Word, so it is a sin. So I would be shocked if I went to heaven, and found out that God did not consider it a sin. And while many might still practice infant baptism out of ritual or seeking to please people (such people worship tradition and fear what people think), I think that there are still a few who practice it genuinely without see it as a distortion of Biblical baptism.

For such people, I believe that even though they are sinning in their practice of infant baptism, God will not find them in explicit violation of God's standard because they are ignorant of God's law and standard. So there is no willful disobedience. And for such people, where God sees a pure and genuine heart, God will overlook these areas of ignorance (see Acts 17:30).

So is it possible for someone to have committed what we would call a clear sin but they did it out of pure ignorance? I believe so. And I am willing to bank on God being an absolutely righteous judge who will sort all such matters out with absolute fairness. Praise God!

## SO WHAT ARE WAYS IN WHICH I SIN ACTIVELY?

To me, there are the two primary ways in which we actively sin:

***1)*** **We do not do that which we know is right to do**

*James 4:17 – Therefore, to one who knows the right thing to do and does not do it, to him it is sin.*

Do we know the right way to respond in a particular situation? Is it to respond with anger and frustration of mercy and patience? Or is this TV program putting lustful images in my head that I cannot remove? Or is this habit keeping me from drawing closer to Jesus?

We don't need to be expert theologians to answer these kinds of questions. The problem most often is that we know what the right thing to do is, but we don't have the conviction to do what we ought, or we don't have the self-control to keep from doing what we should not do. No matter what our excuse is, all such acts of disobedience are sins.

***2)*** **Anything that we do not do from faith**

*Romans 14:23b – whatever is not from faith is sin.*

We can do many things in our own strength. There are people of many

religions who live according to what they believe to be right. But they don't live by faith in Jesus. Even many Christians don't live their lives by dependence on God or with full confidence in Him and His Son Jesus. Instead, they try to obey God's commands on their own strength. All such works is also sin. The only life pleasing to God is the life lived by faith in Him (Hebrews 11:6)

The balance of 1) and 2) above is important. We must wholeheartedly seek to do that which we know is right to do (and not do that which we know is wrong to do). But we must also wholeheartedly seek to do this by a dependence on God. God is not impressed by our good works; He is impressed by hearts of faith alone. But true faith MUST result in many good works. Ephesians 2:10 tells me that He has created us FOR good works, all of which come from being His workmanship and being saved and filled with His grace through faith (Ephesians 2:8-10).

**HOW ARE WE CLEANSED FROM OUR SINS?**

*1 John 1:6-9 – If we say that we have fellowship with Him and yet walk in the darkness, we lie and do not practice the truth; but if we walk in the Light as He Himself is in the Light, we have fellowship with one another, and the blood of Jesus His Son cleanses us from all sin. If we say that we have no sin, we are deceiving ourselves and the truth is not in us. If we confess our sins, He is faithful and righteous to forgive us our sins and to cleanse us from all unrighteousness*

**Jesus alone can forgive us of our sins and cleanse us of all our sins and unrighteousness (v9)**. His innocent blood that was shed was and is the only atonement and propitiation for sin. But for Jesus to forgive us and cleanse us of all unrighteousness and sin, we must do something:

(1) We must walk in the light (v7), and

(2) We must confess our sins (v9)

The blood that Jesus shed for us can cleanse us from ALL sin. So we do not need to fear that we have sinned too many times. But also read these verses carefully and we'll notice that being cleansed from sin is dependent on conditions defined at the beginning of verses 7 and 9. And the conditions are: "*If we walk in the Light as God is in the Light…*" (v7) and *"If we confess our sins"* (v9). So these are the conditions to be cleansed of ALL sin. All of our sins (no matter the quantity) can be cleansed by the blood of Jesus IF we honestly confess our sins to Him and choose to walk in the Light with Jesus instead of continuing to walk in the darkness of our sins.

So as we seek to walk in the Light of God's pure holiness, He will show us areas of filth within (even traces of filth compared to His glory need to be cleansed). And when we see our filthy sins (no matter how trivial they might seem to us), we can choose to run away from God (i.e., His uncompromising Light) or excuse our sins and somehow seek to hold on to our sins. If we do this, we are lying in calling ourselves Christians (v6). As true Christians, we humble ourselves and with ruthless honesty, acknowledge (confess) our sins to Him (v9). And we seek to forsake those sins and always keep company with God and His holy and pure and Light (v 7). ■

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## വിതെക്കുന്നവന്റെ ഉപമ നൽകുന്ന പാഠം

ലൂക്കൊസിൽ *ഉൽക്കണ്ഠകൾ, ധനം, സംസാരഭോഗം* (worries, riches, pleasures of this life) എന്നിങ്ങനെയും (8:14). ഇവ രണ്ടും കൂടിച്ചേർത്തു നമുക്ക് ഇങ്ങനെ പറയാം: *ആകുലചിന്തകൾ (വിചാരപ്പെടുന്നത്), ധനത്തിന്റെ വഞ്ചന, ലോക സുഖങ്ങൾ* എന്നിവയാണ് പൂർണഫലം നൽകുന്ന നല്ല നിലമാകുന്നതിൽ നിന്നു നമ്മെ തടയുന്ന മുള്ളുകൾ.

ആകുലചിന്തകൾക്കെതിരെയുള്ള ശക്തമായ മുന്നറിയിപ്പും താക്കീതും ഗിരിപ്രഭാഷണത്തിൽ തന്നെ യേശു കർത്താവു നൽകുന്നുണ്ട് (മത്തായി 6:19-34). അവിടെ വിചാരപ്പെടുന്നതിനൊരു ഒറ്റമൂലി എന്ന നിലയിൽ കർത്താവ് ആവർത്തിച്ചു വിരൽ ചൂണ്ടുന്നത് സ്വർഗ്ഗസ്ഥനായ പിതാവിലേക്കാണ്. സ്വർഗ്ഗീയ പിതാവിലുള്ള വലിയ സുരക്ഷിതത്വബോധമാണു നമ്മുടെ ആകുലചിന്തകളെ പുറത്താക്കുന്നത്. ആകാശത്തിലെ പറവകൾക്കു പോലും ഈ സുരക്ഷിതത്വ ബോധം നൽകുന്ന ആഹ്ലാദമുണ്ടെന്നും മനുഷ്യനാണ് അതു കൈമോശം വന്നതെന്നും അവിടുന്നു ഗിരിപ്രഭാഷണത്തിൽ സൂചിപ്പിക്കുന്നുണ്ട്.

മരച്ചില്ലയിലിരുന്നു പാട്ടുപാടിക്കൊണ്ടിരുന്ന രണ്ടു കുരുവികൾ താഴെ ഭൂമിയിലെ മനുഷ്യന്റെ തത്രപ്പാടുകൾ കണ്ട് "നമ്മെ പുലർത്തുന്നതുപോലെ ഒരു സ്വർഗ്ഗീയ പിതാവ് ഇവർക്കില്ലെന്നതാണ് ഇവരുടെ പ്രശ്നമെന്നു തോന്നുന്നു" എന്നു തമ്മിൽ പറഞ്ഞതായി ഒരു കഥ കേട്ടിട്ടുണ്ട്. എത്ര ശരി! അല്ലേ?. എന്നാൽ ഗിരിപ്രഭാഷണത്തിലെ, കർത്താവിന്റെ വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചോ?: 'ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ *നിങ്ങളുടെ പിതാവ്* അവയെ പുലർത്തുന്നു.' ഉവ്വ്, ആകാശത്തിലെ പറവകളെ പുലർത്തുന്നത് *അവയുടെ പിതാവല്ല,* മറിച്ച് *നിങ്ങളുടെ പിതാവാണ്.* നോക്കുക: സ്വർഗ്ഗസ്ഥനായ പിതാവു നമ്മുടേതാണ്. നമ്മുടെ പിതാവു പുലർത്തുന്ന കുരുവികൾക്ക് ആകുലചിന്തയില്ല. നമുക്കോ?

അതെ, വിശ്വാസിയായിരിക്കാം. സഭാംഗമായിരിക്കാം. എന്നാൽ സ്വർഗ്ഗീയ പിതാവിൽ യഥാർത്ഥ സുരക്ഷിതത്വം താങ്കൾ കണ്ടെത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ പൂർണഫലം നൽകാതെ മുള്ളിനിടയിൽ ഞെരുങ്ങി അമരുകയെന്നതാവും നിങ്ങളുടെ അനുഭവം.

രണ്ടാമത്തെ മുള്ളാണു ധനത്തിന്റെ വഞ്ചന. സത്യത്തിൽ ഇത് ആദ്യത്തെ മുള്ളായ വിചാരപ്പെടുന്നതിന്റെയും ആശങ്കപ്പെടുന്നതിന്റെയും തുടർച്ചയാണ്. സ്വർഗ്ഗീയ പിതാവിലുള്ള സുരക്ഷിതത്വബോധത്തിന്റെ അഭാവം സൃഷ്ടിക്കുന്ന ശൂന്യതയിലേക്കാണ് ധനത്തിന്റെ വഞ്ചന തള്ളിക്കയറുന്നത്. ധനം ഒരു *കപടസുരക്ഷിതത്വം (Pseudo security)* നൽകുമെന്നതാണ് അതിന്റെ വഞ്ചന. അരക്ഷിതബോധത്തെ ധനത്തിന്റെ ഉറപ്പുകൊണ്ടു മൂടിവെയ്ക്കാനാണു വിശ്വാസികളിൽ പോലും പലരും ശ്രമിക്കുന്നത്. പക്ഷേ ധനം ഒടുവിൽ ചതിക്കും.

ധനത്തിന്റെ ഈ വഞ്ചനയ്ക്കെതിരെ മുന്നറിയിപ്പു നല്കേണ്ടവർ തന്നെ ഇന്നു ധനാശയെ ആത്മീയതയുടെ മൂടുപടം അണിയിച്ചു കൊണ്ടു വന്നു വിശ്വാസഗോളത്തിലുള്ള അനേകരെ വഞ്ചിക്കുകയാണു ചെയ്യുന്നത്. അല്ലെങ്കിൽ നോക്കുക: ഇന്നു കൊട്ടിഘോഷിക്കപ്പെടുന്ന 'സമൃദ്ധിയുടെ സുവിശേഷത്തി'ൽ മറഞ്ഞിരിക്കുന്നതു ധനത്തിന്റെ വഞ്ചനയല്ലേ? ധനത്തിന്റെ വഞ്ചന, ഫലത്തെ ഞെരുക്കിക്കളയുന്ന മുള്ളാണെന്നു തിരിച്ചറിഞ്ഞ് അതു പറിച്ചുകളയാതെ പകരം മുള്ളു തന്നെ വിശ്വാസികളുടെ ഹൃദയത്തിൽ വ്യാപകമായി കൃഷി ചെയ്താലോ? 'വേലി തന്നെ വിളവു തിന്നുന്ന' ഇത്തരം ഒരു കാലഘട്ടത്തിലാണു നാം വന്നെത്തിയിരിക്കുന്നത്!

മൂന്നാമത്തെ മുള്ള് ഈ ലോകസുഖങ്ങളോടു (*Pleasures of the life*) ബന്ധപ്പെട്ടതാണ്. ഇത് നമ്മെ നിഷ്ഫലരാക്കിത്തീർക്കും എന്നറിയാവുന്നതുകൊണ്ടു ദൈവവചനം ഇതു സംബന്ധിച്ച് എത്രയെത്ര മുന്നറിയിപ്പുകൾ നമുക്കു നൽകിയിരിക്കുന്നു! ഈ ലോകമോഹങ്ങൾ (*passions of the world*) വർജ്ജിക്കുവാൻ പറഞ്ഞിരിക്കുന്നു (തീത്തോസ് 2:12). ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് എന്ന് ആവശ്യപ്പെട്ടിരിക്കുന്നു (1 യോഹ. 2:15). ഈ ലോകത്തെ സ്നേഹിച്ചിട്ട് (*loved the present age*) നിഷ്ഫലനായിത്തീർന്ന ദേമാസിനെക്കുറിച്ചു മുന്നറിയിപ്പു നൽകിയിരിക്കുന്നു (2 തിമൊ. 4:10). ഈ ലോകവും അതിന്റെ മോഹവും (*world and its lusts*) ഒഴിഞ്ഞു പോകുന്നതാണ് എന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു (1 യോഹ. 2:17).

ആട്ടെ, മുകളിൽ പറഞ്ഞ എല്ലാ മുള്ളുകളും ഒഴിവാക്കി നല്ല നിലമായി മാറുവാൻ നാം എന്താണു ചെയ്യേണ്ടത്? ഒന്നാമതു നമുക്കു വേണ്ടതു ഈ മുള്ളുകൾ ഒഴിവാക്കുവാൻ ഒരാഗ്രഹവും വാഞ്ഛയുമാണ്. ഇവയ്ക്കെതിരെ ശക്തമായ ഒരു നിലപാടു നമുക്ക് ഉണ്ടായിരിക്കണം. യെശയ്യാ പ്രവാചകൻ മുള്ളുകൾക്കെതിരെ നാം ഒരു 'വിശുദ്ധ യുദ്ധം' തന്നെ പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്: "യുദ്ധത്തിൽ പറക്കാരയും *മുൾപ്പടർപ്പും* എനിക്കു വിരോധമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഞാൻ അവയുടെ നേരെ ചെന്ന് അവയെ ആകപ്പാടെ *ചുട്ടുകളയു*മായിരുന്നു" (27:4).

എന്നാൽ നമ്മുടെ ദൃഢപ്രതിജ്ഞയോ തീരുമാനശക്തിയോ കൊണ്ടുമാത്രം മുള്ളുകൾ മുഴുവൻ നീക്കിക്കളയുവാൻ സാധിക്കുമോ? ഇല്ല. അതിന് നാം അവിടുത്തെ അടുക്കലേക്കു തന്നെ ചെല്ലണമെന്നും യെശയ്യാവു പറയുന്നു: "യിസ്രായേലിന്റെ വെളിച്ചം ഒരു തീയായും *അവന്റെ പരിശുദ്ധൻ ഒരു ജ്വാലയായും* ഇരിക്കും. അതു കത്തി ഒരു ദിവസംകൊണ്ട് അവന്റെ *മുള്ളും* പറക്കാരയും *ദഹിപ്പിച്ചുകളയും*" (10:17).

ഉവ്വ്, "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും *തീയിലും* സ്നാനം ഏല്പിക്കും" (മത്തായി 3:11). ■



# THIS IS HOLINESS

David Wilkerson

"Concerning his Son Jesus Christ our Lord . . . declared to be the Son of God with power, according to the spirit of holiness" (Roman 1:3-4). True holiness has a spirit operating behind it. Wherever you find the presence of Jesus working in or among His people, you will discover abundantly more in them than obedience, more than separation from the world, more than abstinence from ungodly things. You will find a spirit of obedience.

To these people, obedience is no longer just a matter of doing what is right and avoiding what is wrong. The believer who so delights in pleasing the Lord has a spirit resting upon him which automatically draws him to the light. "For every one that doeth evil hateth the light, neither cometh to the light, lest his deeds should be reproved. But he that doeth truth cometh to the light, that his deeds may be made manifest, that they are wrought in God" (John 3:20-21). A holy person is not afraid of the light of God's presence. Rather, he invites that glaring light, because a spirit of holiness within him cries out, "I want all hidden things to be brought out! I want to be as much like Jesus as is possible for a human being on this earth." This servant runs to the light and when he surrenders, the light of Christ's presence becomes pure glory to him.

Listen to the language of the Spirit of holiness, to the motivation of that spirit: "We keep his commandment, and do those things that are pleasing in his sight" (I John 3:22). In the Greek translation, these words are very strong: "We keep His commandments, taking them up with great excitement because we know it pleases Him!"

Here is how I believe this spirit of holiness operates in a church where the presence of Jesus is manifested. First of all, brothers and sisters come to your church in victory with the smile of an overcomer. They testify, "I'm being changed! The Lord is putting a desire in my heart to obey and walk blameless in His presence." As you witness this, your spirit rejoices, saying within, "Thank God, another servant is bringing Him pleasure! My brother and my sister are making heaven rejoice!"

Your excitement extends beyond the freedom we presently enjoy, beyond our rescue from the devil's power. Because more than all else, we are becoming a body that is learning how to please Him. We obey not out of duty or out of slavish fear, but because inside us lives a spirit of obedience. We delight in Christ's joy, rejoicing that His heart rejoices! This is holiness.

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-02-2015
March 2015 www. jeevamozhikal.org
Annual Subscription Rs.100/-

# മൂന്നു വരങ്ങൾ

സംതൃപ്തിയോടു കൂടിയ ജീവിതം. അതാണ് വലിയ സമ്പത്ത് എന്നു വ്യക്തമാക്കുന്ന ഒരു നാടോടിക്കഥ ഇങ്ങനെയാണ്:

ദൈവത്തിന്റെ മുൻപാകെ ദിവസവും ആവശ്യങ്ങളുടെ ഒരു നീണ്ട പട്ടിക പ്രാർത്ഥനയിലൂടെ ഉന്നയിക്കുന്ന ഒരു ഭക്തനോടു ദൈവം ഇങ്ങനെഅരുളിച്ചെയ്തു.

"നിന്റെ എണ്ണമില്ലാത്ത ആവശ്യങ്ങൾ ഓരോ ദിവസവും കേട്ടു ഞാൻ മടുത്തു. അതുകൊണ്ട് നീ മൂന്നു കാര്യങ്ങൾ എന്നോടു ചോദിച്ചു കൊള്ളുക. ഞാൻ കയ്യോടെ അവ നിനക്കു തരാം. അവ തന്നു കഴിഞ്ഞാൽ പിന്നീടൊന്നും ചോദിക്കരുത്. സമ്മതമാണോ?"

"സമ്മതം നൂറുവട്ടം സമ്മതം" - ഭക്തന്റെ മറുപടി.

"ശരി ആദ്യത്തെ ആവശ്യം കേൾക്കട്ടെ."

ഭക്തൻ കുറച്ചു നേരം ആലോചിച്ചു. പിന്നെ പെട്ടെന്നു പറഞ്ഞു: "ദൈവമേ, അനുസരണമില്ലാത്ത എന്റെ ഭാര്യയെ നീ തിരികെ വിളിക്കുക. അവൾ മരിച്ചാൽ സുന്ദരിയും സുശീലയുമായ മറ്റൊരുവളെ എനിക്കു വിവാഹം കഴിച്ചു സുഖമായി ജീവിക്കാമല്ലോ."

കയ്യോടെ ആ അപേക്ഷ ദൈവം സ്വീകരിച്ചു. ഭക്തന്റെ ഭാര്യ മരിച്ചു. വിവരം അറിഞ്ഞു ബന്ധുക്കളും സ്നേഹിതരും ആ വീട്ടിലേക്കു പ്രവഹിച്ചു. അവർ ഓരോരുത്തരായി മരിച്ചുപോയവളുടെ അപദാനങ്ങൾ പ്രകീർത്തിക്കാൻ തുടങ്ങി. അവളുടെ സ്നേഹം, സൗമ്യത, പാവങ്ങളോടുള്ള കരുതൽ, കാര്യപ്രാപ്തി തുടങ്ങിയ നന്മകൾ അവർ വർണിക്കുവാൻ തുടങ്ങിയതോടെ ഭക്തന്റെ മനസ്സു മാറി. ഇത്രയും നല്ലവളായ ഒരു ഭാര്യയെ വേണ്ടെന്നു വയ്ക്കുന്നതെങ്ങനെ? ഭക്തൻ പെട്ടെന്നു രണ്ടാമത്തെ വരം ഇങ്ങനെആവശ്യപ്പെട്ടു: "ദൈവമേ, അവളെ വീണ്ടും ജീവിപ്പിച്ചു തരണം." ഉടനെ അങ്ങനെ സംഭവിച്ചു.

ഇനി ഒരു വരം മാത്രമേ അവശേഷിക്കുന്നുള്ളു. അതു നഷ്ടപ്പെടുത്തരുത്. ഭക്തൻ ആലോചനയിലായി. മരണമില്ലാത്ത ജീവിതം ചോദിച്ചാലോ? പക്ഷേ, ആരോഗ്യമില്ലാതെ ജരാനര ബാധിച്ചു നിത്യകാലം ഇരിക്കുന്നതുപോലെ ഒരു പീഡനം ഉണ്ടോ? പണം ചോദിച്ചാലോ? പക്ഷേ മനസ്സുഖം ഇല്ലെങ്കിൽ പണം കൊണ്ട് എന്തു കാര്യം? അധികാരം, പദവി, പല കാര്യങ്ങൾ അദ്ദേഹം ആലോചിച്ചു. പക്ഷേ ഓരോന്നിനും ഓരോ കുറവുകൾ ഉണ്ട്. ഒടുവിൽ വളരെ നാളത്തെ ആലോചനയ്ക്കു ശേഷം ഭക്തൻ മൂന്നാമത്തെയും അവസാനത്തെയുമായ അപേക്ഷ ഇങ്ങനെ ദൈവ മുൻപാകെ സമർപ്പിച്ചു:

"എനിക്കു ലഭിക്കുന്നത് എന്തായാലും അതിൽ തൃപ്തിപ്പെടാൻ കഴിയുന്ന ഒരു മനസ്സ് എനിക്കു തരിക."

ദൈവം അതു നൽകി. ഭക്തൻ തൃപ്തനായി, സുഖമായി, ഏറെ നാൾ ജീവിച്ചു.

"സംതൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ ആദായം ആകുന്നു താനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല. ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല" (1 തിമൊ. 6:6,7).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.